മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 37 THE ONLINE OFFICIAL NEWS BULLETIN 2025 September 11

SEASON OF TRANSFIGURATION | തേജസ്കരണകാലം

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
14 ✝ Sleebo The Feast of Holy Cross ♪ 8	15 113th Anniversary of the Establishment of Catholicate in Malankara ♪ 1	16 ♪ 5	17 ♪ 1	18 ♪ 5	19 ♪ 1	20 ♪ 5



അങ്കമാലി ഭദ്രാസനത്തിലെ കാതോലിക്കാദിന ധനശേഖരണം ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ വച്ച് നടത്തപ്പെട്ടു. ഭദ്രാസന മെത്രാപ്പോലീത്തയും സഭയുടെ ഫിനാൻസ് കമ്മിറ്റി ചെയർമാനുമായ യൂഹാനോൻ മാർ പോളികാർപ്പോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്തു. സഭാ വൈദിക ട്രസ്റ്റി റവ. ഫാ. ഡോ. തോമസ് വർഗീസ് അമയിൽ മുഖ്യസന്ദേശം നൽകി. സഭാ അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ സഭയുടെ ഭാവി പ്രവർത്തനങ്ങൾ വിശദീകരിച്ചു. സെമിനാരി മാനേജർ ഫാ. റിജോ മാത്യു നന്ദി അറിയിച്ചു.



സ്രോതസ് സിൽവർ ജൂബിലി ലോഗോ പ്രകാശനം ചെയ്തു

കോട്ടയം: ഷാർജ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാംഗങ്ങളുടെ കൂട്ടായ്മയായ സ്രോതസ് സിൽവർ ജൂബിലി നിറവിൽ. സിൽവർ ജൂബിലിയോടനുബന്ധിച്ച് ഒരു വർഷം നീണ്ടു നിൽക്കുന്ന വിവിധ പരിപാടികളുടെ ലോഗോ പരിശുദ്ധ കാതോലിക്കാ ബാവാ പ്രകാശനം ചെയ്തു. മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, സ്രോതസ് പ്രസിഡന്റ് ഡേവിഡ് വർഗീസ്, ട്രഷറർ മനോജ് മാത്യു, ജൂബിലി ജനറൽ കൺവീനർ ഫിലിപ്പോസ് പുതുക്കുളങ്ങര, പി. എം. തമ്പാൻ, റിയ തോമസ് തുടങ്ങിയവർ സംബന്ധിച്ചു.



കോട്ടയം ഭദ്രാസന ശതോത്തര സുവർണ്ണ ജൂബിലിയുടെ ഭാഗമായി സൺഡേസ്കൂൾ കോട്ടയം ഭദ്രാസനം സംഘടിപ്പിച്ച തിരുവചന പകർത്തൽ മേൽസോ പദ്ധതിയുടെ സമർപ്പണം ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്, ഡോ. യൂഹാനോൻ മാർ ദിമത്രിയോസ് എന്നിവർ പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നിർവഹിക്കുന്നു. ഡയറക്ടർ ജനറൽ ഫാ. ഡോ. വർഗീസ് വർഗീസ്, ഫാ. ഡോ. തോമസ് പി. സഖറിയ, കുര്യൻ തോമസ് കോർഎപ്പിസ്കോപ്പ, ഫാ. പി. എം. സക്കറിയ, ദയറാ മാനേജർ ഫാ. അനൂപ് എബ്രഹാം, ഭദ്രാസന ഡയറക്ടർ വിനോദ് എം. സഖറിയ, സെക്രട്ടറി കുറിയാക്കോസ് തോമസ്, ജോസഫ് റമ്പാൻ, ഏലിയാസ് എബ്രഹാം. ഫാ. ജിബി കെ. പോൾ തുടങ്ങിയവർ സമീപം.



അടൂർ – കടമ്പനാട് ഭദ്രാസന യുവജന സംഗമം മാരൂർ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ ഉദ്ഘാടനം ചെയ്യുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH





നിയുക്ത ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണന് ആശംസകൾ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ സമൂഹത്തിൽ നടത്തുന്ന ക്രിയാത്മക ഇടപെടലുകളെ എക്കാലത്തും പ്രോത്സാഹിപ്പിച്ചിരുന്ന പ്രിയ സുഹൃത്താണ് നിയുക്ത ഉപരാഷ്ട്രപതി ബഹു. ശ്രീ. സി. പി. രാധാകൃഷ്ണൻ. ജാതിമത ഭേദമെന്യേ സഭ നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളെക്കുറിച്ച് മലയാളികളായ ഗവർണർമാരിൽ നിന്നും അദ്ദേഹം മനസിലാക്കിയിരുന്നു.

സഹോദരൻ ജീവകാരുണ്യ പദ്ധതിയുടെ മൂന്നാം വാർഷികത്തിൽ ഗവർണർ ശ്രീ. സി. വി. ആനന്ദബോസിനൊപ്പം പങ്കെടുക്കാനുള്ള ആഗ്രഹം പ്രകടിപ്പിച്ചെങ്കിലും പൂർത്തീകരിക്കപ്പെട്ടില്ല. പിന്നീട് കേരളത്തിലെത്തിയ ഉടൻ സഭാ ആസ്ഥാനം സന്ദർശിക്കാൻ അദ്ദേഹം സമയം കണ്ടെത്തി എന്നത് ആ സ്നേഹബന്ധത്തിന്റെ അടയാളമായി. ഔപചാരികതകൾ മാറ്റിവെച്ച് ഔദ്യോഗികമായി നിശ്ചയിക്കപ്പെട്ടതിലും അര മണിക്കൂറിലധികം ദേവലോകത്ത് ചെലവഴിച്ച ശ്രീ. രാധാകൃഷ്ണൻ സഭയെ കൂടുതൽ അടുത്തറിയുകയായിരുന്നു. സമൂഹത്തിൽ പിന്നാക്കം നിൽക്കുന്നവരെ കൈപിടിച്ച് ഉയർത്തുകയെന്നത് ജീവിതധർമ്മമാണെന്നായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ. മഹാരാഷ്ട്രയിൽ വികസനത്തിൽ പിന്നോക്കം നിൽക്കുന്ന ഗ്രാമങ്ങളെ മാതൃകാ ഗ്രാമങ്ങളാക്കി വികസിപ്പിക്കാനുള്ള പദ്ധതി വിഭാവനം ചെയ്യുന്നതിനെക്കുറിച്ചും ഗവർണറെന്ന നിലയിൽ സൂചിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ പിറന്നാൾ ദിനമായ മെയ് 4 നായിരുന്നു കൂടിക്കാഴ്ച്ച. തുടർന്ന് ലഹരി വിപത്തിനെതിരെ ജൂൺ 14-നു സഭ സംഘടിപ്പിച്ച ഡ്രക്സിറ്റ് കോൺക്ലേവിൽ മുഖ്യ അതിഥിയായി അദ്ദേഹമെത്തി. ഏവരെയും സൗമത്യയോടെ ചേർത്തുനിർത്തുന്ന ശ്രീ. സി. പി. രാധാകൃഷ്ണന് പുതിയ ഉത്തരവാദിത്വവും ഭംഗിയായി നിറവേറ്റാൻ കഴിയട്ടെ. ആശംസകളോടെ...

- പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

സി. പി. രാധാകൃഷ്ണന് ആശംസകൾ നേർന്ന് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി

കോട്ടയം: ഇന്ത്യയുടെ വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട സി. പി. രാധാകൃഷ്ണന് ആശംസകൾ നേർന്ന് മലങ്കരസഭയുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ. ഝാർഖണ്ഡ് ഗവർണർ എന്ന നിലയിലാണ് അദ്ദേഹത്തെ ആദ്യം പരിചയപ്പെടുന്നത്. ഔദ്യോഗിക വസതിയായ രാജ്ഭവനിലേക്കുള്ള ക്ഷണം സ്വീകരിച്ചെത്തിയ തനിക്ക് ഹൃദ്യമായ സ്വീകരണമാണ് ലഭിച്ചത്. കൂടിക്കാഴ്ച്ചക്കിടെ മലങ്കരസഭയുടെ ആത്മീയ തീർത്ഥാടന കേന്ദ്രമായ പരുമല പള്ളിയെക്കുറിച്ചും ചോദിച്ചറിഞ്ഞു. പരുമലപള്ളി സന്ദർശിക്കുവാനുള്ള ആഗ്രഹവും അദ്ദേഹം പങ്കുവെച്ചിരുന്നു. രാജ്യത്തിന്റെ സുപ്രധാന പദവിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട സി. പി. രാധാകൃഷ്ണന് ഭാവുകങ്ങൾ നേരുന്നതായും പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി പ്രതികരിച്ചു.




കലയപുരം ആശ്രയ സങ്കേതത്തിൽ വച്ച് നടന്ന അഖില മലങ്കര യുവജനപ്രസ്ഥാനത്തിന്റെ കേന്ദ്രതല യുവജനവാര സമാപന സമ്മേളനം. കൊട്ടാരക്കര-പുനലൂർ ഭദ്രാസന മെത്രാപ്പോലീത്താ ഡോ യൂഹാനോൻ മാർ തേവോദോറോസ് അധ്യക്ഷത വഹിച്ചു. അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ മുഖ്യ അഥിതി ആയിരുന്നു. ചടങ്ങിൽ ആശ്രയ സങ്കേതത്തിന്റെ പ്രധാന ചുമതലക്കാരനും ജീവകാരുണ്യ പ്രവർത്തകനുമായ കലയപുരം ജോസിനു ഓർത്തഡോസ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ സ്നേഹാദരവുകൾ സമർപ്പിച്ചു.

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1959)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്



28 തിങ്കൾ കുണ്ടറ. നാം നേരത്തെ പറഞ്ഞിരുന്നതനുസരിച്ച് ഇവിടുത്തെ പള്ളി പണിയുന്നതിന് കൊല്ലത്തു നിന്നും എഞ്ചിനീയർ ഏബ്രഹാമും റ്റി. ജി. മാത്യു വക്കീലും കൊല്ലത്തു പള്ളി വികാരി ജോർജ് കത്തനാരും നല്ലില കത്തനാരും ഇവിടെ വന്നു നമ്മെ കണ്ടു. വർത്തമാനങ്ങളൊക്കെ പറഞ്ഞു. പള്ളി പണിയുടെ കാര്യങ്ങളെല്ലാം നാം പറഞ്ഞു. അതിൽ ഒരു പ്ലാനും എസ്റ്റിമേറ്റും കൊണ്ടുവരണമെന്നും പറഞ്ഞു. ഈ പണിതിരിക്കുന്ന മദ്ബഹായ്ക്കു ചേരുന്നവിധം ഒരു പള്ളി പണിയണമെന്നാണ് പറഞ്ഞത്. കൊല്ലത്തു നമ്മുടെ പള്ളിയിൽ വച്ചു സെന്റ് തോമസ് സ്റ്റുഡന്റ്സ് അസോസിയേഷന്റെ ഉദ്ഘാടനം നടത്തിക്കൊടുക്കണമെന്ന് അവർ അപേക്ഷിച്ചു. നമ്മുടെ സൗകര്യപ്രകാരം ബുധനാഴ്ചത്തേക്കു അവർ നിശ്ചയിച്ചു പറഞ്ഞു. നാം അതു സമ്മതിച്ചു. അനന്തരം അവർ തിരികെ പോയി. ബുധനാഴ്ച നാലു മണിയോടു കൂടി ഇവിടെ നിന്നും യാത്ര തിരിച്ചാൽ മതിയെന്നും പറഞ്ഞു. കൂറിലോസ് മെത്രാച്ചൻ ഇവിടെ വന്നു നമ്മെ കാണുകയും വർത്തമാനങ്ങളെല്ലാം പറയുകയും ചെയ്തു. പുത്തൂർ പള്ളിക്കാർ രണ്ടുകൂട്ടരും വന്നിരുന്നെന്നും പീലക്സിനോസ് ഈയിടെ പട്ടം കൊടുത്ത കത്തനാരെ കൂടെ സ്വീകരിക്കണമെന്നു ആളുകൾ അപേക്ഷിച്ചതനുസരിച്ചു എഴുതി വാങ്ങിച്ചുകൊണ്ടു മെത്രാച്ചൻ സമ്മതിച്ചെന്നും അങ്ങനെ അവിടുത്തെ വഴക്കുതീർത്തു എന്നും അറിയിച്ചു. പീലക്സിനോസ് മെത്രാൻ വളരെ കുഴപ്പങ്ങളൊക്കെ ഉണ്ടാക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ഈവിധമായ പ്രവർത്തനങ്ങളിൽ എല്ലാവരും തന്നെ ഉൽക്കണ്ഠയുള്ളവരാണ്. കുണ്ടറക്കാരൻ ഉമ്മൻ പണിക്കർ ഇവിടെ വന്നു നമ്മെ കാണുകയും ബുധനാഴ്ച അയാളുടെ മകന്റെ കുട്ടിയെ നാം മാമോദീസാ മുക്കിക്കൊടുക്കണമെന്നു അപേക്ഷിക്കുകയും ചെയ്തു. നാം അത് സമ്മതിച്ചു. വേറെ വിശേഷമൊന്നുമില്ല. കൂറിലോസ് മെത്രാച്ചൻ ഇവിടെ താമസിക്കുന്നു.

29 ചൊവ്വ. കുണ്ടറ. ധാരാളം ആളുകൾ നമ്മെ വന്നു കണ്ടു. സന്ധ്യ കഴിഞ്ഞു കൂറിലോസ് മെത്രാച്ചൻ വിളിപ്പിച്ചതനുസരിച്ചു തെങ്ങുവിള പള്ളിക്കാർ കുറെപ്പേർ ഇവിടെ വന്നു നമ്മെ കണ്ടു. നാം അവർക്കു വേണ്ട ഉപദേശങ്ങളൊക്കെ കൊടുത്തു. വഴക്കുകളും കേസുകളും അവസാനിപ്പിച്ചു ഒത്തൊരുമിച്ചു മുമ്പോട്ടു പോകണമെന്നു നാം അവരോടു പറഞ്ഞു. അനന്തരം അവർ കൂറിലോസ് മെത്രാച്ചനുമായി കൂടി ആലോചിച്ചു മെത്രാച്ചൻ അവിടെ ചെന്നു പ്രവേശിക്കത്തക്കവണ്ണം എല്ലാവരും കൂടെ ശ്രമിച്ചു ഒരു യോജിപ്പിൽ വരണമെന്നും അങ്ങനെ വരാത്തപക്ഷം അദ്ദേഹം അങ്ങോട്ടു ചെല്ലുവാനും പ്രവേശിക്കുവാനുമാണ് ഉദ്ദേശിക്കുന്നതെന്നും അവരോടു പറഞ്ഞു. രാത്രി എട്ടു മണി കഴിഞ്ഞു അവർ എല്ലാവരും തിരികെ പോയി. വേറെ വിശേഷമൊന്നുമില്ല.

30 ബുധൻ. കുണ്ടറ. പി. ജി. ഉമ്മൻ പണിക്കരുടെ അപേക്ഷപ്രകാരം നേരത്തെ പറഞ്ഞിരുന്നതനുസരിച്ചു ഇന്ന് വി. കുർബ്ബാനയും അയാളുടെ മകന്റെ കുട്ടിയുടെ മാമോദീസായും ഉണ്ടായിരുന്നു. ഹെഡ്മാസ്റ്റർ യാക്കോബ് കത്തനാർ വി. കുർബ്ബാന ചൊല്ലി. നാമും മെത്രാച്ചനും കുർബ്ബാനയിൽ സംബന്ധിച്ചു. കുർബ്ബാന കഴിഞ്ഞു അവർ എല്ലാവരും നമ്മെ വന്നു കണ്ടു കൈമുത്തി പോയി. നമുക്ക് കൈമുത്ത് 25 രൂപ തന്നു. കൊല്ലത്ത് പുത്തൻപുരയിൽ ആച്ചിയമ്മ പരുമല സിമ്മനാരിക്കു വേണ്ടിയുള്ള അടിമപ്പണം 50 രൂപ നമ്മെ ഏല്പിച്ചു. തെങ്ങുവിള കത്തനാർ ഇവിടെ വന്നു നമ്മെ കാണുകയും അയാളെ ആരും വിളിക്കുകയോ പറയുകയോ ചെയ്തില്ലെന്നും ഇനിയും നമ്മുടെ കല്പനപ്രകാരം ഒക്കെ നടന്നുകൊള്ളാമെന്നും പറഞ്ഞു പോയി. കൊട്ടാരക്കരക്കാരൻ കോശി വാദ്ധ്യാർ ഇവിടെ വന്നു നമ്മെ കണ്ടു വർത്തമാനങ്ങളൊക്കെ പറഞ്ഞു. കാർത്തികപ്പള്ളിക്കാരൻ ഓതറ ദയറായിലെ കോശി കത്തനാർ ഇവിടെ വന്നു നമ്മെ കണ്ടു. കൂറിലോസ് മെത്രാച്ചനും അയാളും കൂടെ ഓതറ ദയറായിലെ അംഗങ്ങൾക്കു ഒരു ഓർഡറിലുള്ള കുപ്പായം ആക്കത്തക്കവണ്ണം ആലോചിച്ചു നമ്മുടെ അനുവാദത്തിനായി അതു നമ്മെ കാണിച്ചു. എന്നാൽ അടുത്ത മാനേജിംഗ് കമ്മിറ്റിയും സുന്നഹദോസും കൂടിയിട്ടു അതിനെപ്പറ്റി തീർച്ചപ്പെടുത്താമെന്നു പറഞ്ഞു. നേരത്തെ പറഞ്ഞിരുന്നതനുസരിച്ച് ഇന്നു നാലു മണിയോടു കൂടെ നാമും കൂറിലോസ് മെത്രാച്ചനും നമ്മുടെ ശെമ്മാശന്മാരും കൂടെ കൊല്ലത്തിനു പോയി. നമ്മുടെ ചാപ്പലിൽ എത്തി. ഹെഡ്മാസ്റ്റർ യാക്കോബ് കത്തനാരും നല്ലില കത്തനാരും അവിടെ വന്നിരുന്നു. അവിടെ ചാപ്പലിലെത്തി ലുത്തിനിയാ കഴിഞ്ഞു നാം വിശ്രമിച്ചു. അനന്തരം കാപ്പി കുടിച്ചു. സെന്റ് തോമസ് സ്റ്റുഡന്റ്സ് അസോസിയേഷൻ മീറ്റിംഗ് ഉദ്ഘാടനം ആയിരുന്നു. 5 മണിയോടുകൂടി നമ്മുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് ആരംഭിച്ചു. യുവാക്കന്മാർ സഭയ്ക്കുവേണ്ടിയും ദൈവത്തെ അറിഞ്ഞും ജീവിക്കണമെന്നും ദൈവിക കാര്യങ്ങളിൽ ഭക്തിയുള്ളവരായി ജീവിക്കണമെന്നും നാം ഉദ്ബോധിപ്പിച്ചു. യുവാക്കന്മാർ സഭയെ പണിയേണ്ടവരാണ്. എല്ലാവരും വിശ്വാസത്തിലും സഭയോടുള്ള ഭക്തിയിലും ജീവിക്കണമെന്നു ഉദ്ബോധിപ്പിച്ചു. നമ്മുടെ പ്രസംഗം കഴിഞ്ഞു കൂറിലോസ് മെത്രാച്ചൻ പ്രസംഗിച്ചു. അതു കഴിഞ്ഞു പി. വി. വറുഗീസു ക്ലേറിയും പ്രസംഗിച്ചു. മീറ്റിംഗ് കഴിഞ്ഞു സന്ധ്യാനമസ്കാരവും അവിടെത്തന്നെ നടത്തി. അതിനുശേഷം രാത്രി ഏഴു മണി കഴിഞ്ഞു തിരികെ പോന്നു. സി. പി. മാമ്മൻ, എഞ്ചിനീയർ ഏബ്രഹാം മുതലായി ധാരാളം ആളുകൾ അവിടെ വച്ചു നമ്മെ വന്നു കാണുകയുണ്ടായി. ഇടവകക്കാരും പിള്ളാരും ആയിട്ടു ഒരു നല്ല ആൾക്കൂട്ടം മീറ്റിംഗിൽ സംബന്ധിച്ചിരുന്നു. നാളെ കോട്ടപ്പുറം സെമിനാരിയിൽ വച്ച് കൊല്ലം ഭദ്രാസനത്തിൽ നിന്നും മാനേജിംഗ് കമ്മിറ്റിയിലേക്കു തെരഞ്ഞെടുക്കപ്പെട്ടവരുടെയും ഭദ്രാസന കൗൺസിലറന്മാരുടെയും ഒരു യോഗം ഉണ്ടെന്നും നാം കൂടെ അതിൽ ചെന്നു സംബന്ധിക്കണമെന്നും മെത്രാച്ചൻ അറിയിച്ചു. നാളെ ഉച്ചകഴിഞ്ഞു രണ്ടു മണിക്കാണ് ആ യോഗം. നാം അത് സമ്മതിച്ചു. വേറെ വിശേഷമൊന്നുമില്ല.

1959 ഒക്ടോബർ

ഒക്ടോബർ 1 വ്യാഴം. കുണ്ടറ. ഇന്ന് ഉച്ചകഴിഞ്ഞു കോട്ടപ്പുറത്തു വച്ചു കൊല്ലം ഭദ്രാസനത്തിൽ നിന്നും മാനേജിംഗ് കമ്മിറ്റിയിലേക്കു തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെയും മറ്റും മീറ്റിംഗ് ഉള്ളതുകൊണ്ട് കൂറിലോസ് മെത്രാച്ചൻ രാവിലെതന്നെ കാപ്പി കഴിഞ്ഞു കോട്ടപ്പുറത്തിനു പോയി. ഉച്ചയ്ക്കു രണ്ടു മണിയോടു കൂടെ നാം അവിടെ ചെല്ലണമെന്നും പറഞ്ഞു. ഉച്ചയ്ക്കു ഒരു മണിക്കു നാം ഇവിടെ നിന്നും കോട്ടപ്പുറത്തിനു പോയി. രണ്ടു മണിക്കു മുമ്പായി അവിടെയെത്തി ലുത്തിനിയാ കഴിച്ചു. അനന്തരം അല്പസമയം വിശ്രമിച്ചു. അവിടെ മെത്രാച്ചൻ ചെയ്യുന്ന പുതിയ പണികളും റിപ്യാറിംഗും കണ്ടു. രണ്ടു മണി കഴിഞ്ഞു മീറ്റിംഗ് ആരംഭിച്ചു. കൊല്ലം ഭദ്രാസനത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഒമ്പത് അംഗങ്ങളിൽ എട്ടു പേരും ഭദ്രാസന കൗൺസിലർമാരും ഉണ്ടായിരുന്നു. മെത്രാച്ചൻ ഇന്നത്തെ യോഗത്തിന്റെ ആവശ്യവും അതിന്റെ ഉദ്ദേശ്യങ്ങളും പറഞ്ഞു മനസ്സിലാക്കി. തമ്മിൽ തമ്മിൽ പരിചയപ്പെടുക, ഇടവകകളിലുള്ള വഴക്കുകൾ തീർക്കുക, പൗലൂസ് പീലക്സിനോസിന്റെ അനധികൃതവും അനാവശ്യവുമായ കൈയേറ്റത്തെ ചെറുക്കുക മുതലായ കാര്യങ്ങളാണെന്നു അദ്ദേഹം പറഞ്ഞു. വളരെ സമയത്തെ ആലോചനയ്ക്കു ശേഷം നാല് അംഗങ്ങളെ ഒരു കമ്മിറ്റിയായി നിശ്ചയിച്ചു പൗലൂസ് മാർ പീലക്സിനോസിനെ പോയി കണ്ട് കാര്യങ്ങൾ പറഞ്ഞു തീർക്കുവാൻ ശ്രമിക്കണമെന്നും അവർ ഈ മാസം 9-നു തന്നെ പോയി കാണണമെന്നും തീരുമാനിച്ചു. പള്ളികളിലെ വഴക്കുകളും മറ്റും തീർക്കുന്നതിനും സഹകരിക്കാത്ത പള്ളികളെ സഹകരിപ്പിക്കുന്നതിനുമായി വേറെ ഒരു കമ്മിറ്റിയെയും നിയോഗിച്ചു. അവർ ആ പള്ളിക്കാരുമായി കണ്ടു വേണ്ട നടപടികൾ നടത്തത്തക്കവണ്ണം പറഞ്ഞു ചുമതലപ്പെടുത്തി. അതു കഴിഞ്ഞു നാം അവർക്കു വേണ്ട ഗുണദോഷം കൊടുത്തു. മാനേജിംഗ് കമ്മിറ്റിയുടെ ചുമതലകളും അതിന്റെ മാഹാത്മ്യങ്ങളും പറയുകയും എല്ലാവരും ഒത്തൊരുമിച്ചു നിന്നു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയും പറഞ്ഞു. അനന്തരം പ്രാർത്ഥന കഴിഞ്ഞു പിരിഞ്ഞു. അതിനുശേഷം എല്ലാവർക്കും കാപ്പി ഉണ്ടായിരുന്നു.

കായംകുളത്തു നിന്നും വികാരി പറക്കാവുംമൂട്ടിൽ കത്തനാരും ചാച്ചനും മറ്റും വന്നിരുന്നു. അടുത്ത ഞായറാഴ്ച നാം കായംകുളം പള്ളിയിൽ ചെല്ലണമെന്നു അപേക്ഷിച്ചു. നമുക്ക് സുഖമുണ്ടെങ്കിൽ ആകാം എന്നു പറഞ്ഞു. ചാച്ചനും മറ്റും മറുകക്ഷിക്കാർ ഒരു injunction കൊടുപ്പിക്കാനായി ഹർജി കൊടുത്തിരിക്കുകയാണ്. അതിന്റെ വാദം കഴിഞ്ഞു ശനിയാഴ്ച വിധി പറയുവാൻ വച്ചിരിക്കുകയാണെന്നും അവർ പറഞ്ഞു. ആ കേസിൽ ഹാജരാകാനായി പൗലൂസ് പീലക്സിനോസിന്റെ നമ്മുടെ പേർക്കുള്ള ശൽമൂസാ കൊണ്ടുപോയിരുന്നതിന്റെ നാലു പ്രതികൾ കോടതി മുദ്രയുള്ളത് എടുത്തിരുന്നു. അവ നമ്മെ കാണിച്ചു. അതിൽ ഒന്നു നാം സൂക്ഷിക്കുന്നു. അത് ആഫീസ് ഫയലിൽ സൂക്ഷിക്കുന്നതിനാണ്. 5 മണി കഴിഞ്ഞു നാം തിരികെ കുണ്ടറയ്ക്കു പോന്നു. ചാന്ത്രാവിൽ ഗീവർഗീസ് കത്തനാരും നമ്മെ വന്നു കണ്ടു. കല്ലട പീടികയിൽ കത്തനാരും നമ്മെ വന്നു കണ്ടു വർത്തമാനങ്ങളൊക്കെ പറഞ്ഞു. നാളെ ഉച്ചകഴിഞ്ഞു മാവേലിക്കരെ പോയി താമസിക്കുന്നതിനും അവിടെ നിന്നും ശനിയാഴ്ച കായംകുളത്തിനു പോകുന്നതിനും ഉദ്ദേശിക്കുന്നു. വേറെ വിശേഷമൊന്നുമില്ല.

2 വെള്ളി. കുണ്ടറ, മാവേലിക്കര. രാവിലെ കല്ലട ചാന്ത്രാവിൽ കത്തനാർ നമ്മെ വന്നു കണ്ടു. നല്ലിലാ ദാനിയേൽ കത്തനാരും വന്നു കാണുകയുണ്ടായി. ഉച്ചകഴിഞ്ഞു മാവേലിക്കരയ്ക്കു പോന്നു. നാലു മണിയോടുകൂടെ മാവേലിക്കര എം. എസ്സിലെ പള്ളിയിലെത്തി. പറമ്പിൽ സ്കറിയാ കത്തനാരും മകൻ ക്ലേറിയും മറ്റും വന്നു കണ്ടു. ലുത്തിനിയാ കഴിഞ്ഞു പള്ളിപണി കണ്ടു. അവിടെ പള്ളിമുറിയിൽ വിശ്രമിച്ചു. കാപ്പി കഴിഞ്ഞ് പുതിയകാവ് പള്ളിയിലേക്കു പോയി. ലുത്തിനിയാ കഴിഞ്ഞു പള്ളിമുറിയിൽ എത്തി വിശ്രമിച്ചു. വിലനിലത്തു കത്തനാരും റ്റി. ഐ. ഗീവറുഗീസു കത്തനാരും ട്രസ്റ്റി ബേബിയും മറ്റ് ആളുകളും ഉണ്ടായിരുന്നു. ഡോക്ടർ എ. സി. വറുഗീസും മറ്റും നമ്മെ വന്നു കണ്ടു വർത്തമാനങ്ങൾ പറഞ്ഞു. സന്ധ്യാ നമസ്കാരവും കഴിഞ്ഞു വിശ്രമിച്ചു. കോടുകുളഞ്ഞിക്കാരൻ ഉമ്മൻ കത്തനാർ നമ്മെ വന്നു കാണുകയും അയാൾ അച്ചടിച്ചിറക്കിയ ലഘുലേഖ മുഖാന്തിരമായി ദീവന്നാസിയോസ് മെത്രാച്ചൻ അയാളെ തൽക്കാല നിരോധനത്തിൽ നിറുത്തിയിരിക്കുകയായിരുന്നു. എന്നാൽ അയാൾ മെത്രാച്ചനെ ചെന്നു കണ്ടു ക്ഷമ ചോദിച്ചതിന്റെ ഫലമായി മെത്രാച്ചൻ ക്ഷമിച്ചു നമ്മുടെപേർക്കു ഒരു എഴുത്തും കൊടുത്തയച്ചതാണ്. നാം എഴുത്തു വായിച്ചു കേട്ടു ക്ഷമിച്ച് ഗുണദോഷിക്കുകയും അയാളെ ഈ കാര്യത്തിനു പിന്തുണ കൊടുത്തു സഹായിച്ചത് പരുമല മാനേജർ കത്തനാരും കളത്രയാക്കോബ് കത്തനാരും മട്ടയ്ക്കൽ ജോർജ് കത്തനാരും പള്ളത്തു ശമുവേൽ കത്തനാരും കൂടെയാണെന്നു അയാൾ സമ്മതിച്ച് ഏറ്റുപറയുകയും ചെയ്തു. അങ്ങനെ അയാൾ ക്ഷമായാചനം ചെയ്തപ്പോൾ നാം ക്ഷമിച്ചിരിക്കുന്നതായി കല്പന എഴുതി ദീവന്നാസിയോസു മെത്രാച്ചനു കൊടുത്തയച്ചു. എവിടെയെങ്കിലും ഇടവക കൂടെ കൊടുക്കണമെന്നും എഴുതിയിട്ടുണ്ട്. അനന്തരം അയാൾ പോയി. വേറെ വിശേഷമൊന്നുമില്ല.

3 ശനി. മാവേലിക്കര. രാവിലെ പരുമല മാനേജർ മാത്യൂസ് കത്തനാർ നമ്മെ വന്നു കണ്ടു. വർത്തമാനങ്ങൾ പറഞ്ഞു. പരുമല സെമിനാരിയിലെ കേസിൽ വള്ളക്കാലി ജോർജ് നമ്മെ വിസ്തരിപ്പിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്നത് ചൊവ്വാഴ്ച ആണെന്നും (6-നു) അതുകൊണ്ടു നാം കായംകുളത്തു പോയിട്ടു തിങ്കളാഴ്ച കാർത്തികപ്പള്ളിക്കു പൊയ്ക്കൊള്ളുവാനും പറഞ്ഞു. അങ്ങനെ പോകുവാൻ നാം ഉദ്ദേശിക്കുന്നു. കൂടാതെ അയാളുടെ ഉപ്പാപ്പന്റെ മകന്റെ വിവാഹം നാളെ കഴിഞ്ഞു ഉറയ്ക്കുകയാണെന്നും അത് ഏലിയാ ചാപ്പലിൽ വച്ചു നാം നടത്തിക്കൊടുക്കണമെന്ന് ആഗ്രഹമുണ്ടെന്നും അറിയിച്ചിട്ടു പോയി. ഡോ. ഏ. സി. വറുഗീസും സി. ചാക്കോയും മറ്റും വന്നു കണ്ടു. വള്ളക്കാലിൽ കെ. ഒ. മാത്യു വക്കീൽ നമ്മെ വന്നു കാണുകയും കായംകുളം പള്ളിയിൽ നിന്നും ചാച്ചനും മറ്റും കൊടുത്തിരിക്കുന്ന injunction കേസിന്റെ വിധി ഇന്ന് ഉച്ചയ്ക്കു പറയുമെന്നും മറ്റുമുള്ള വിവരങ്ങൾ അറിയിക്കുകയും ചെയ്തു. അയാളാണ് നമ്മുടെ ഭാഗത്തേക്കു വേണ്ടി വാദിച്ചത്. നമ്മുടെ അനന്തിരവൾ കുട്ടി (മനയിടെ) നമ്മെ വന്നു കണ്ടു വർത്തമാനങ്ങൾ പറഞ്ഞു. അവളും ഭർത്താവും കൂടെ ഇവിടെ റയിൽവേ സ്റ്റേഷനിലാണ് താമസം.

ധാരാളം ആളുകൾ നമ്മെ വന്നു കാണുകയുണ്ടായി. നമുക്ക് ഇന്ന് കാലിനു അല്പം അസുഖം പോലെ തോന്നുന്നുണ്ട്. 5 മണി കഴിഞ്ഞു കൂറിലോസ് മെത്രാച്ചനും പള്ളത്തുകാരൻ മത്തായി കത്തനാരും കെ. ഒ. മാത്യു വക്കീലും കൂടെ നമ്മെ വന്നു കാണുകയും കായംകുളത്തെ injunction കേസിന്റെ വിധി നമ്മെ അറിയിക്കയും ചെയ്തു. മലങ്കര മെത്രാപ്പോലീത്തായുടെ പരിപൂർണ്ണ അധികാരത്തിലുള്ള പള്ളിയാണെന്ന സുപ്രീംകോടതി വിധി ഈ പള്ളിയെയും ബാധിക്കുമെന്നും കൊല്ലം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ കൂറിലോസ് മെത്രാച്ചനാണെന്നും പീലക്സിനോസ് മെത്രാച്ചൻ അല്ലെന്നും മറ്റുമുള്ളതാണ് വിധി. അന്യായ തീർച്ച വരെ ചാച്ചനും തോമ്മസു സഖറിയായും കൂടെ റിസീവരായി തുടരണമെന്നും പറഞ്ഞിട്ടുണ്ട്. അവർ നമ്മെ കായംകുളത്തേക്കു കൊണ്ടുപോകാനാണ് വന്നത്. നേരത്തെ അങ്ങനെ നിശ്ചയിച്ചിരുന്നുവെങ്കിലും നമുക്കു നല്ല സൗഖ്യം തോന്നാഞ്ഞതുകൊണ്ടു പോകാതെ മെത്രാച്ചനെയും മറ്റും പറഞ്ഞയച്ചു. കായംകുളത്തു പള്ളി നടത്തുന്ന പാത്രിയർക്കീസ് പക്ഷത്തു നിന്നതാണു പള്ളത്തു കത്തനാർ. നമുക്കു സുഖമുണ്ടെങ്കിൽ നാളെ ഇവിടെനിന്നും കുർബാന കഴിഞ്ഞു വരാമെന്നു പറഞ്ഞു. എന്നാൽ വൈകിട്ടു ഏഴു മണി കഴിഞ്ഞ് ചാച്ചനും, ജി. ജോൺ, വേറെ രണ്ടു പേരും കൂടെ വന്നു നമ്മെ കണ്ടു. നാം ചെല്ലാഞ്ഞതിലുള്ള മനസ്താപം അറിയിച്ചു. നാളെ രാവിലെയെങ്കിലും നാം അവിടെ എത്തി വി. കുർബാന ചൊല്ലണമെന്നു അപേക്ഷിച്ചു. എന്നാൽ വല്ല സുഖവും ഉണ്ടെങ്കിൽ ആകാം എന്നു പറഞ്ഞയച്ചു. വേറെ വിശേഷമൊന്നുമില്ല. നാളെ വെളുപ്പിനെ തന്നെ നമസ്കാരത്തെ തുടർന്ന് മാവേലിക്കര കുർബാന ചൊല്ലിയിട്ടു രാവിലെ കായംകുളത്തു പോകാമെന്നുദ്ദേശിക്കുന്നു.

4 ഞായർ. കായംകുളം. രാവിലെ അഞ്ചു മണിക്കെഴുന്നേറ്റു ലിലിയോ നമസ്കരിച്ചു. അനന്തരം സുഖം തോന്നിയതുകൊണ്ടു കായംകുളത്തിനു പോയി. ഏഴു മണിക്കു മുമ്പായിട്ടു അവിടെയെത്തി. പള്ളത്തുകാരൻ മത്തായി കത്തനാരും ഇടവകക്കാരും കൂടെ നമ്മെ സ്വീകരിച്ചു പള്ളിയിലേക്കാനയിച്ചു. ലുത്തിനിയാ കഴിഞ്ഞു നാം ചാപ്പലിലേക്കു പോയി. അല്പസമയം വിശ്രമിച്ചു. കൂറിലോസ് മെത്രാച്ചനും ഉണ്ടായിരുന്നു. അതിനുശേഷം വീണ്ടും വലിയപള്ളിയിലെത്തി നാം വി. കുർബ്ബാന ചൊല്ലി. മെത്രാച്ചനും മത്തായി കത്തനാരും പി. വൈ. ജോർജ് കത്തനാരും സംബന്ധിച്ചു. കുർബ്ബാനമദ്ധ്യേ നാം പ്രസംഗിച്ചു. കുർബ്ബാന കഴിഞ്ഞു മെത്രാച്ചനും പ്രസംഗിച്ചു. അനന്തരം നാം കൈ മുത്തിച്ചു. അതു കഴിഞ്ഞു ചാപ്പലിൽ എത്തി വിശ്രമിച്ചു. ഒരു നല്ല ജനക്കൂട്ടം ഹാജരായിരുന്നു. രാവിലെ കുർബ്ബാനയ്ക്കു പള്ളിയിലേക്കു പോയപ്പോൾ മത്തായി കത്തനാർ നമ്മുടെ അംശവടി പിടിച്ചിരുന്നു. അത് ഫോട്ടോ എടുക്കുകയുമു

ണ്ടായി. ധാരാളം ആളുകൾ കുർബ്ബാന കഴിഞ്ഞു നമ്മെ വന്നു കണ്ടു. നാളെ രാവിലെ ഇവിടെ നിന്നും ചേപ്പാട്ടു പള്ളിയിലേക്കും അവിടെ നിന്നും കാർത്തികപ്പള്ളിയിലേക്കും പോകുവാൻ ഉദ്ദേശിക്കുന്നു. ആ വിവരം ആ പള്ളികളെ അറിയിച്ചു. ചേപ്പാട്ടു പള്ളിയിലെ ട്രസ്റ്റി വിവരം അറിഞ്ഞുകൊണ്ടു വന്നു നമ്മെ കണ്ടു കൂടുതൽ അന്വേഷിച്ചറിഞ്ഞു കൊണ്ടുപോയി. റ്റി. ഐ. ഗീവറുഗീസു കത്തനാരും പി. എം. ജോർജ് കത്തനാരും കെ. ജെ. കോശി കത്തനാരും മറ്റും നമ്മെ വന്നു കണ്ടു. ഇന്ന് പൗലൂസ് മാർ പീലക്സിനോസ് കട്ടച്ചിറപ്പള്ളിയിൽ ഉണ്ടെന്നറിഞ്ഞു. കോട്ടപ്പുറം സെമിനാരിയിൽ വച്ചുള്ള തീരുമാനം അനുസരിച്ച് അദ്ദേഹത്തെ കണ്ടു കാര്യങ്ങൾ പറയുന്നതിന് കൊല്ലത്തു നിന്നും റ്റി. ജി. മാത്യുവും സി. പി. മാമ്മനും അവിടെ വന്നു ചാച്ചനെയും കൂട്ടിക്കൊണ്ടു കട്ടച്ചിറയ്ക്കു പോയി അദ്ദേഹത്തെ കണ്ടു. അവർ തിരികെ വന്നു വിവരങ്ങളെല്ലാം നമ്മെ അറിയിച്ചു. അദ്ദേഹം ഇപ്പോൾ പല കുഴപ്പങ്ങളും ഉണ്ടാക്കുന്നുണ്ട്. അതെല്ലാം അങ്ങനെ വന്നു പോയി. അതുകൊണ്ടു നമ്മെ വന്നു കണ്ടു അനുഗ്രഹം പ്രാപിച്ചുകൊള്ളാമെന്നു അദ്ദേഹം പറഞ്ഞതായി അവർ നമ്മെ അറിയിച്ചു. അനന്തരം അവർ തിരികെ കൊല്ലത്തിനു പോയി. ഇന്നത്തെ കാണിക്ക (തളികപ്പണം) മുപ്പത്തിമൂന്നു രൂപാ എഴുപതു നയാപൈസാ ഉണ്ടായിരുന്നതും നമുക്കു തന്നു. പുളിമൂട്ടിൽ കത്തനാരുടെ അസുഖകാര്യങ്ങൾ അയാളുടെ മകൾ നമ്മെ അറിയിച്ചു. സന്ധ്യാനമസ്കാരത്തിനു മുമ്പ് ഒരു ഫോട്ടോ എടുക്കുന്നതിന് അവർ ക്രമീകരിച്ചിരുന്നു. നാമും മെത്രാച്ചനും മറ്റുള്ള പട്ടക്കാരും പള്ളത്തു മത്തായി കത്തനാർ നമ്മുടെ വടിപിടിച്ചു കൊണ്ടുമാണ് ഫോട്ടോ എടുത്തത്. കോന്നിക്കാരൻ ഈട്ടിമൂട്ടിൽ ശമുവേൽ കത്തനാർ നമ്മെ വന്നു കണ്ടു. എന്നാൽ പീലക്സിനോസിന്റെ കൂടെ അയാൾ കൂടൽ പള്ളിയിൽ പോയിരുന്നു എന്നറിഞ്ഞു നാം അയാളോടു ചോദിച്ചു. നാം വഴക്കു പറഞ്ഞു. വേറെ വിശേഷമൊന്നുമില്ല.

5 തിങ്കൾ. കാർത്തികപ്പള്ളി വികാരി എം. സി. തോമ്മസ് കത്തനാരും ചക്കുവേലിൽ കൊച്ചുണ്ണൂണ്ണിയും കൂടെ നമ്മെ വന്നു കണ്ടു. നാം അങ്ങോട്ടു ചെല്ലുന്നു എന്നറിഞ്ഞുകൊണ്ടു വന്നതാണ്. അവിടുത്തെ സ്കൂൾ കാര്യങ്ങൾ കൂടെ പറഞ്ഞു തീർക്കുന്നതിന് പത്തനംതിട്ട നിന്നും പീലക്സിനോസ് മെത്രാച്ചനെ വരുത്തുന്നതിന് നമ്മുടെ ആജ്ഞപ്രകാരം അവർ ഫോൺ ചെയ്തു. അനന്തരം അവർ പോയി. കായംകുളം പുളിമൂട്ടിൽ കത്തനാരെ ഒരു കാറിൽ അവിടെക്കൊണ്ടുവന്നു നമ്മെ കാണിച്ചു. അയാൾക്കു വാതത്തിന്റെ ഉപദ്രവം കൊണ്ടു തനിയെ നിൽക്കുന്നതിനോ നടക്കുന്നതിനോ നിവൃത്തിയില്ല. അയാളുടെ അപേക്ഷപ്രകാരം നാം കൈവച്ചു പ്രാർത്ഥിക്കുകയും ചെയ്തു. ഒമ്പതു മണി കഴിഞ്ഞു ലുത്തിനിയായ്ക്കു ശേഷം നാം കായംകുളത്തു നിന്നും ചേപ്പാടിനു പുറപ്പെട്ടു. മെത്രാച്ചനും ഇടവകക്കാരും കൂടെ നമ്മെ യാത്രയയച്ചു. ചാച്ചൻ നൂറ്റിയൊന്നു രൂപ നമുക്കു കൈമുത്തു തന്നു. പത്തു മണിക്കു ശേഷം ചേപ്പാട്ടു പള്ളിയിൽ എത്തി. വികാരി ദാനിയേൽ കത്തനാരും ഇടവകക്കാർ ഏതാനുംപേരും ഉണ്ടായിരുന്നു. ലുത്തിനിയായും മെത്രാച്ചന്റെ കബറിങ്കൽ ധൂപപ്രാർത്ഥനയും കഴിഞ്ഞു പള്ളിമേടയിൽ വിശ്രമിച്ചു. ഐ. ശമുവേൽ, ഏവരത്തു കിഴക്കേതിലെ മാത്തുക്കുട്ടി മുതലായ ആളുകളും എറികാട്ടു ബേബിയുടെ അമ്മാവിയമ്മ, മാത്തുക്കുട്ടിയുടെ ഭാര്യ മുതലായ സ്ത്രീകളും നമ്മെ വന്നു കണ്ടു. ഉച്ചയ്ക്കു ഭക്ഷണം കഴിഞ്ഞ് കബർമുറി സന്ദർശിച്ചു കണ്ടു. അനന്തരം നാം കാർത്തികപ്പള്ളിക്കു പോയി. ചേപ്പാട്ടു നിന്നും അമ്പതു രൂപാ നമുക്കു കൈമുത്തു തന്നു. നാലു മണിയോടു കൂടെ നാം കാർത്തികപ്പള്ളിയിൽ എത്തി. ലുത്തിനിയാ കഴിഞ്ഞു പള്ളിമുറിയിൽ വിശ്രമിച്ചു. വികാരി എം. സി. തോമ്മസു കത്തനാരും ഹെഡ്മാസ്റ്റർ ഡബ്ലിയു. സി. വർഗീസ് കത്തനാരും ഇടവകക്കാരിൽ ഏതാനും ആളുകളും അവിടെ ഹാജരായിരുന്നു. രാവിലെ കൊടുത്ത ഫോൺ അനുസരിച്ചു പത്തനംതിട്ട നിന്നും പീലക്സിനോസ് മെത്രാച്ചൻ അവിടെ വന്നു നമ്മെ കണ്ടു. അവിടെ പൊൻവയലിലെ ഒരു പെണ്ണിനെ നിയമിക്കുന്ന കാര്യത്തിലുള്ള കൂടുതൽ വിവരങ്ങളും അതു മൂലം ഉണ്ടായിട്ടുള്ള കുഴപ്പങ്ങളുടെ വിവരങ്ങളും നാം മെത്രാച്ചനോടു ചോദിച്ചു. എന്നാൽ മെത്രാച്ചൻ ആ പെണ്ണിനെ നിയമിക്കുന്ന കാര്യത്തിൽ യാതൊരു എതിരും അല്ലെന്നും എന്നാൽ ഹെഡ്മാസ്റ്റർ ഡബ്ലിയു. സി. വറുഗീസ് കത്തനാർ മെത്രാച്ചൻ ഒപ്പിട്ടുകൊടുത്തിരുന്ന ....

* * * * * * * * *

..... എന്നുള്ളതാണ് അദ്ദേഹത്തിന്റെ ആഗ്രഹമെന്നും പറഞ്ഞയച്ചു. നമുക്കും അത് ഏറ്റം സന്തോഷമായി. വി. ഒ. ഏബ്രഹാമിനു ഒരു ഷെവലിയാർ സ്ഥാനം കൊടുക്കാൻ ആഗ്രഹിക്കുന്നുണ്ടെന്നും ആയതു നാം അദ്ധ്യക്ഷനായി ഇരു

ഉച്ചകഴിഞ്ഞു മണലിൽ യാക്കോബ് കത്തനാരും മാനേജർ യാക്കോബ് കത്തനാരും ചെറിയാൻ വക്കീലും എറികാട്ടു ബേബിയും ഉപ്പൂട്ടിൽ കുഞ്ഞച്ചനും മറ്റും വരികയും മാനേജിംഗ് കമ്മിറ്റിയിലേക്കു നാം നോമിനേറ്റു ചെയ്യേണ്ടവരുടെ പേരുകൾ ആലോചിച്ചു പറയുകയും ചെയ്തു. 18 പേരെയാണു നാം നോമിനേറ്റു ചെയ്യേണ്ടത്. 18 പേരുടെ പേരുകൾ അവർ നമ്മോടുകൂടെ ആലോചിച്ചു പറഞ്ഞു.

ന്നുകൊണ്ടുള്ള മീറ്റിംഗിൽ വച്ചു കൊടുക്കണമെന്നാണ് ആഗ്രഹമെന്നും ക്ലീമ്മിസ് മെത്രാച്ചൻ പറഞ്ഞു. നമ്മുടെ സൗകര്യം അനുസരിച്ചു തീയതി നിശ്ചയിച്ചു കൊള്ളാമെന്നും പറഞ്ഞു. അനന്തരം കാപ്പി കഴിഞ്ഞു അവർ പോയി.

കറുകയിൽക്കാരുമായി ആലോചിച്ചിട്ടു അവരുടെ വഴക്കു തീരാതെയാണ് പോയത്. നമ്മുടെ നിർബന്ധപ്രകാരം കുറെ നെല്ലു കൊണ്ടുവന്നു തരാമെന്നു സമ്മതിച്ചു പോയി. യാക്കോബ് കത്തനാരും മണലിൽ കത്തനാരും ഗബ്രിയേൽ കത്തനാരും പോയി. കോടുകുളഞ്ഞിക്കാരൻ ഉമ്മൻ കത്തനാരുടെ അപ്പൻ നമ്മെ വന്നു കാണുകയും ഉമ്മൻ കത്തനാർ റീത്തിൽ പോയി എന്നുള്ള വാർത്ത ശരിയല്ലെന്നും ആ തെറ്റിദ്ധാരണ മാറ്റണമെന്നും അപേക്ഷിച്ചു. വേറെ വിശേഷമൊന്നുമില്ല.

6 വെള്ളി. രാവിലെ മത്തായി കത്തനാർ വി. കുർബ്ബാന ചൊല്ലി. കുർബ്ബാന കഴിഞ്ഞു കാനറാക്കാരൻ ശെമ്മാശന്റെ ആൺകുട്ടിയെ നാം മാമോദീസാ മുക്കിക്കൊടുത്തു. അവരെല്ലാവരും നമ്മെ കണ്ടു കൈ മുത്തി പോയി.

കോടുകുളഞ്ഞിക്കാരൻ ഉമ്മൻ കത്തനാർ നമ്മെ വന്നു കാണുകയും അയാൾ റീത്തിൽ പോയില്ല എന്നു പറയുകയും ചെയ്തു. അയാൾ തിരുവനന്തപുരത്തു വരെ പോയി എന്നു മാത്രമേ ഉള്ളൂ എന്നു പറഞ്ഞു. അയാൾ ഇവിടെ താമസിക്കുന്നു. ലൂക്കോസ് വാദ്ധ്യാരും നമ്മെ വന്നു കണ്ടു വർത്തമാനങ്ങൾ പറഞ്ഞു. വേറെ വിശേഷമൊന്നുമില്ല.

7 ശനി. പരുമല. രാവിലെ വി. കുർബ്ബാന ഉണ്ടായിരുന്നു. കോടുകുളഞ്ഞി ഉമ്മൻ കത്തനാർ വി. കുർബ്ബാന ചൊല്ലി. കുർബ്ബാന കഴിഞ്ഞു ഉമ്മൻ കത്തനാർ തിരുവല്ലയ്ക്കു പോയി. അയാൾക്കു ഇടവക കൊടുക്കാമെന്നു ദീവന്നാസിയോസ് മെത്രാച്ചൻ പറഞ്ഞതനുസരിച്ചാണ് അയാൾ പോയത്. ഉച്ച കഴിഞ്ഞു വെങ്ങാഴിയിൽ ജോർജ് കത്തനാർ നമ്മെ വന്നു കാണുകയും വർത്തമാനങ്ങളൊക്കെ പറയുകയും ചെയ്തു. വേറെ വിശേഷമൊന്നുമില്ല. നാളെ ഹൂദോസ് ഈത്തോ ഞായറാഴ്ചയാണ്. പെങ്കീസാ നമസ്കരിച്ചു.

8 ഞായർ. പരുമല. കോട്ടയത്തു നിന്നും സ്കറിയാ ശെമ്മാശൻ രാത്രിയിൽ ഇവിടെ വരികയും പഴയസെമിനാരി മാനേജർക്കു പനിയായി കിടപ്പായതുകൊണ്ട് കുർബ്ബാന ചൊല്ലാൻ ആളില്ലെന്നു പറയുകയും മാനേജർ മാത്യൂസ് കത്തനാരെ നാം അയയ്ക്കുകയും ചെയ്തു. ഇവിടെ നാം വി. കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ പ്രസംഗിക്കുകയും ചെയ്തു. കബറിങ്കൽ ധൂപപ്രാർത്ഥന നടത്തി.

ഉച്ചകഴിഞ്ഞു കോട്ടയത്തു നിന്നും മാളിയേക്കൽ മാത്തുക്കുട്ടിയുടെ മകൻ അച്ചകുട്ടിയും അയാളുടെ പെങ്ങളും അളിയനും മറ്റും ഇവിടെ വന്നു നമ്മെ കണ്ടു. വർത്തമാനങ്ങൾ പറഞ്ഞു. അടുത്ത ജനുവരി 11-നു അച്ചകുട്ടിയുടെ വിവാഹം ആണെന്നും നാം നടത്തിക്കൊടുക്കണമെന്നും അപേക്ഷിച്ചു. നാം സമ്മതിച്ചു. കാർത്തികപ്പള്ളിക്കാരൻ മാമ്മൻ ഭാഗവതർ നമ്മെ വന്നു കാണുകയും വർത്തമാനങ്ങളൊക്കെ പറയുകയും ചെയ്തു. ശെമ്മാശന്മാരെ പാട്ടു പഠിപ്പിക്കാമെന്നു പറഞ്ഞു. നാം അതെപ്പറ്റി ഒന്നുംതന്നെ പറഞ്ഞില്ല. സന്ധ്യയോടു കൂടി തീമോത്തിയോസ് മെത്രാച്ചന്റെ ഒരെഴുത്തുമായി പട്ടലാട്ടു ജോർജ് ശെമ്മാശൻ ഇവിടെ വന്നു നമ്മെ കണ്ടു. ഈ മാസം 26-നു കണ്ടനാട് ഭദ്രാസനത്തിന്റെ മെത്രാസന പൊതുയോഗം മൂവാറ്റുപുഴ വച്ചു കൂടത്തക്കവണ്ണം നിശ്ചയിച്ചും കൊണ്ടു പീലക്സിനോസ് മെത്രാച്ചനും കൂടി കല്പന അയച്ചിരിക്കുകയാണെന്നും എന്നാൽ ആ യോഗം തല്ലിപ്പിരിക്കത്തക്കവണ്ണം ആലോചനയുള്ളതായി അറിയുന്നെന്നും ആയതുകൊണ്ടു നാമോ, നമുക്ക് സുഖമില്ലാത്തതുകൊണ്ടു ഈവാനിയോസ് മെത്രാച്ചനെയും അത്താനാസ്യോസ് മെത്രാച്ചനെയും ട്രസ്റ്റിമാരെയും നാം ചുമതലപ്പെടുത്തി അയച്ചുകൊടുത്തോ അവർ കൂടെ മീറ്റിംഗിൽ സംബന്ധിച്ചു ഭംഗിയായി നടത്തത്തക്കവണ്ണം വേണ്ട കല്പന കൊടുക്കണമെന്നും മെത്രാച്ചൻ എഴുതിയിരുന്നു. കൂടാതെ ഇപ്പോഴത്തെ അവിടുത്തെ കാര്യങ്ങളും ശെമ്മാശൻ നമ്മെ അറിയിച്ചു. ഏതായാലും മെത്രാച്ച

ന്മാർക്കും മറ്റും നാം കല്പന കൊടുക്കാമെന്നു പറഞ്ഞു. അയാൾ ഇവിടെ താമസിക്കുന്നു. വേറെ വിശേഷമൊന്നുമില്ല.

9 തിങ്കൾ. പരുമല. ഈവാനിയോസ് മെത്രാച്ചനും അത്താനാസിയോസ് മെത്രാച്ചനും ട്രസ്റ്റിമാരും പോയി സംബന്ധിച്ചു കണ്ടനാട് ഭദ്രാസന പൊതുയോഗം ഭംഗിയായി നടത്തത്തക്കവണ്ണം നാം അവർക്കു കല്പന കൊടുത്തയച്ചു. അവരെ അയയ്ക്കുവാൻ എഴുത്തു കൊടുത്ത വിവരത്തിനു തീമോത്തിയോസ് മെത്രാച്ചന്റെ പേർക്കു നാം എഴുതി കൊടുത്തയച്ചു. ശെമ്മാശൻ രാവിലെ പോയി. നാം തൃശൂർക്കു പോകുമ്പോൾ മൂവാറ്റുപുഴ അരമനയിൽ കയറത്തക്കവണ്ണം ശെമ്മാശൻ നമ്മോടു പറയുകയുണ്ടായി. സൗകര്യംപോലെ ആകാം എന്നു നാം പറഞ്ഞയച്ചു.

കോട്ടയം കുരിശുപള്ളിയിലെ 18 വീട്ടുകാർ

കോട്ടയം പുത്തനങ്ങാടി കുരിശുപള്ളിയിൽ കൂടി നടക്കുന്ന 18 വീട്ടുകാർക്കു പുറമെയുള്ള ആളുകൾ ഒരു പ്രതിഷേധ മഹായോഗം ഇന്നലെ കൂടുകയും 18 വീടന്മാരുടെ പ്രവർത്തനത്തിലും മറ്റും പ്രതിഷേധിക്കുന്നതാണെന്നും മറ്റുമുള്ള ഒരു നോട്ടീസും എഴുത്തും നമുക്കു കിട്ടി. അവിടെ പൊതുയോഗം കൂടിയപ്പോൾ 18 വീട്ടുകാർ ഒഴിച്ചുള്ള ആരെയും പ്രവേശിപ്പിച്ചില്ല എന്നുള്ള കാര്യത്തിലും പ്രതിഷേധമുണ്ടെന്നും കാണിച്ചിരുന്നു.

സിസ്റ്റർ സൂസൻ കുരുവിള

വളഞ്ഞവട്ടത്തു തൈക്കടവിലെ കുരുവിള ഇവിടെ വന്നു നമ്മെ കാണുകയും അയാളുടെ മകൾ കുഞ്ഞമ്മയുടെ കാര്യത്തിൽ എന്തെങ്കിലും ഒരു തീരുമാനമുണ്ടാക്കണമെന്നും അയാളുടെ കാലശേഷം അവൾ വല്ലാതെ വിഷമിക്കേണ്ടതായി വരുമെന്നും ആയതുകൊണ്ടു എവിടെയെങ്കിലും ഒരു സ്ഥാപനം ഉണ്ടാക്കാൻ അനുവദിക്കണമെന്നും, പലരും സഹായിക്കാമെന്നു പറഞ്ഞിട്ടുണ്ടെന്നും അറിയിച്ചു. നമുക്ക് അത് സന്തോഷമാണെന്നും അത് ആലോചിച്ചു ചെയ്യാമെന്നും പറഞ്ഞു.

കിഴുമുറി പള്ളിയിലെ വികാരി മതാലിൽ കത്തനാരും പുത്തൻകുരിശു പള്ളി വികാരി തോമ്മസ് കത്തനാരും കൂടെ നമ്മെ വന്നു കാണുകയും പുത്തൻകുരിശിൽ ഒരു പള്ളി പണിയുവാൻ ആഗ്രഹിക്കുന്നു എന്നും നാം തൃശൂർക്കു പോകുന്നുണ്ടെങ്കിൽ അവിടെ കൂടെ കയറി പള്ളിക്കു കല്ലിട്ടാൽ കൊള്ളാമെന്നും അവർ അപേക്ഷിച്ചു. നമുക്ക് സുഖമുണ്ടെങ്കിൽ തൃശൂരിൽ നിന്നും ഉള്ള മടക്കയാത്രയിൽ ആകാം എന്നു പറഞ്ഞു. അവർ ഇന്നു ഇവിടെ താമസിക്കുന്നു. പല വർത്തമാനങ്ങളും അവർ പറയുകയുണ്ടായി. വേറെ വിശേഷമൊന്നുമില്ല.

10 ചൊവ്വാ. പരുമല. മതാലിൽ കത്തനാരും മറ്റേ കത്തനാരും രാവിലെ പോയി. അവർക്കും ഇവിടുത്തെ പെരുനാളിന്റെ കുർബ്ബാനപ്പണം വീതം കൊടുത്തു. ഇവിടുത്തെ പെരുനാളിന്റെയും മറ്റും വരവു ചെലവുകണക്കുകൾ മാനേജർ കത്തനാരും മത്തായി കത്തനാരും കൂടെ നമ്മെ വായിച്ചു കേൾപ്പിച്ചു. ചെലവുകൾ കഴിഞ്ഞു (പെരുനാൾ ചെലവും മതിൽ പണിതതിന്റെ ചെലവും കഴിഞ്ഞ്) നാലായിരത്തിൽപരം രൂപാ ബാക്കി ഉണ്ട്. അതു നാളെ കോട്ടയത്തു കൊണ്ടുപോയി ബാങ്കിൽ ഇടാൻ പറഞ്ഞു. വള്ളക്കാലിയുമായിട്ടുള്ള ഇവിടുത്തെ കേസിൽ നാമും മൊഴികൊടുക്കേണ്ടതായി വരുമെന്നു അറിഞ്ഞു. ആയതിലേക്കു നാം മുമ്പു കൊടുത്തിട്ടുള്ള മൊഴി പകർപ്പിലെ ഭാഗങ്ങൾ വായിച്ചു നോക്കി. നാളെ നമ്മുടെ കൂടെ ഉള്ള കോശി കത്തനാർ കുർബ്ബാന ചൊല്ലുന്നതിനു തക്കവണ്ണം പഠിച്ചിട്ടുണ്ടെന്നു മാനേജർ കത്തനാർ പറഞ്ഞതനുസരിച്ചു നാം അനുവദിച്ചു. വേറെ വിശേഷമൊന്നുമില്ല.

11 ബുധൻ. പരുമല. രാവിലെ പി. വി. കോശി കത്തനാർ ആദ്യമായി വി. കുർബ്ബാന ചൊല്ലി. മാനേജർ കത്തനാരും മത്തായി കത്തനാരും മാന്നാത്തുകാരൻ ലൂക്കോസ് വാദ്ധ്യാരുടെ മകൻ കത്തനാരും പള്ളത്തു ശമുവേൽ കത്തനാരും അയാളോടു കൂടെ ഉണ്ടായിരുന്നു. നാം തട്ടിന്റെ മുകളിൽ നിന്നുകൊണ്ടു കുർബ്ബാന കണ്ടു. വലിയ കുഴപ്പങ്ങളും തെറ്റുകളും ഇല്ലായിരുന്നു എന്നു കത്തനാരന്മാർ പറഞ്ഞു. കുർബ്ബാന കഴിഞ്ഞു കുന്നം ഇടവകയിലെ ഒരു കുട്ടിയെ ഇവിടെ വച്ചു അയാൾ മാമോദീസാ മുക്കിക്കൊടുത്തു. കുർബ്ബാന കഴിഞ്ഞു മാനേജർ മാത്യൂസ് കത്തനാർ നമ്മുടെ വണ്ടിയിൽ പെരുനാളിന്റെ നടവരവു പണവും കൊണ്ടു കോട്ടയത്തിനു പോയി. ഫോർവേഡു ബാങ്കിൽ ഡിപ്പോസിറ്റ് ചെയ്യാനാണ്.

സിസ്റ്റർ സൂസൻ കുരുവിള

വളഞ്ഞവട്ടത്തു തൈക്കടവിലെ കുരുവിളയും നിരണത്തുകാരൻ ചാക്കോ വാദ്ധ്യാരും കൂടെ ഇവിടെ വന്നു നമ്മെ കാണുകയും മിനിഞ്ഞാന്നു കുരുവിള നമ്മെ കണ്ടു അയാളുടെ മകൾ കന്യകയുടെ കാര്യം പറഞ്ഞിരുന്നതിന്റെ തീരുമാനം അറിയുവാൻ അപേക്ഷിക്കുകയും ചെയ്തു. അവൾക്കു ഒരു സ്ഥാപനം നമ്മുടെ അധികാരത്തിൻകീഴിൽ ഉണ്ടാകത്തക്കവണ്ണം പലരും സഹായിക്കാനുണ്ടെന്നും ആയതിനു നമ്മുടെ ഒരു കല്പന വേണമെന്നും അപേക്ഷിച്ചു. എന്നാൽ ആ കാര്യങ്ങൾ കാണിച്ചു പലരുടേതായ ഒരു അപേക്ഷ എഴുതി നമുക്കു സമർപ്പിച്ചാൽ അതിനുശേഷം നാം ആലോചിച്ചു കല്പന തരാം എന്നു പറഞ്ഞു. അനന്തരം അവർ പോയി.

ഓതറ മർത്തമറിയം മന്ദിരം

ഉച്ചകഴിഞ്ഞു ഓതറ നിന്നും എൻ. ജി. കുര്യൻ കത്തനാർ ഇവിടെ വന്നു നമ്മെ കണ്ടു വർത്തമാനങ്ങളെല്ലാം പറഞ്ഞു. ഓതറ മർത്തമറിയം മന്ദിരത്തിലെ വഴക്കിനെപ്പറ്റി സുപ്പീരിയർ അന്നമ്മയും മറ്റും നമ്മുടെ മുമ്പാകെ സങ്കടം ബോധിപ്പിച്ചതിന്റെ കാര്യം അന്വേഷിക്കുന്നതിനു നാം എഴുതി അയച്ചു അയാളെ വരുത്തിയതാണ്. നാം വഴക്കിനെപ്പറ്റി ചോദിച്ചു. എന്നാൽ അങ്ങനെ വഴക്കില്ലെന്നും എല്ലാം തെറ്റിദ്ധാരണ മൂലം ഉണ്ടായതാണെന്നും, കുര്യൻ കത്തനാരും ബാക്കി ഉള്ളവരുമെല്ലാം അവൾ പറയുന്നതുപോലെ മാത്രം നടന്നുകൊള്ളണമെന്നാണ് അവളുടെ ആഗ്രഹമെന്നും അതിനു സാധ്യമല്ലാതെ വരുമ്പോളാണ് കുഴപ്പമെന്നും മറ്റും അയാൾ പറഞ്ഞു. നമ്മുടെ പേർക്ക് അതിന്റെ ആധാരവും ഉടമ്പടിയും ആദ്യം തന്നെ തന്നിട്ടുണ്ടെന്നും ആയതുകൊണ്ടു നാം അതിന്റെ ചുമതല ഏറ്റെടുത്തു വഴക്കുകളെല്ലാം അവസാനിപ്പിക്കണമെന്നും അയാൾ അപേക്ഷിച്ചു. വെറും നിസ്സാര കാര്യങ്ങളിലുള്ള തെറ്റിദ്ധാരണ മാത്രമാണ് വഴക്കിനു കാരണമെന്നും അയാൾ പറഞ്ഞു. വഴക്കുകൾ പറഞ്ഞു അവസാനിപ്പിക്കണമെന്നു നാം അയാളോടു പറഞ്ഞയച്ചു.

സന്ധ്യ കഴിഞ്ഞു മാനേജർ മാത്യൂസ് കത്തനാർ കോട്ടയത്തു നിന്നു വന്നു. മണലിൽ യാക്കോബ് കത്തനാരും മാനേജർ യാക്കോബ് കത്തനാരും കൂടെ ഒന്നിച്ചു എടത്വായിൽ പോയി കറുകയിൽക്കാരെ കണ്ടു വഴക്കും കാര്യങ്ങളും കുറെയെല്ലാം പറഞ്ഞു തീർത്തെന്നും കുറച്ചു വല്ലതും പാട്ടം അവർ കൊണ്ടുവന്നു തരാമെന്നു പറഞ്ഞു എന്നും മാനേജർ മാത്യൂസ് കത്തനാർ നമ്മെ അറിയിച്ചു. നാളെ മൂന്നിന്മേൽ കുർബ്ബാന ഉണ്ട്. നാം അതു കഴിഞ്ഞു കോട്ടയത്തിനു പോകാൻ ഉദ്ദേശിക്കുന്നു. വേറെ വിശേഷമൊന്നുമില്ല.

12 വ്യാഴം. പരുമല. രാവിലെ മൂന്നിന്മേൽ കുർബ്ബാന ഉണ്ടായിരുന്നു. പി. വി. കോശി കത്തനാരും പള്ളിവാതിൽക്കൽ അലക്സാണ്ടർ കത്തനാരും മത്തായി കത്തനാരും കൂടെ ചൊല്ലി. കോശി കത്തനാരുടെ കുർബ്ബാന ആദ്യമായതുകൊണ്ടു നമുക്കു കാണത്തക്കവണ്ണം പ്രധാന ത്രോണോസിൽ ആണ് അയാൾ ചൊല്ലിയത്. മാനേജർ മാത്യൂസ് കത്തനാരും ഉണ്ടായിരുന്നു. നിരണത്തുകാരൻ ലൂക്കോസ് വാദ്ധ്യാരും നമ്മെ വന്നു കണ്ടു.

ഉച്ച കഴിഞ്ഞു നാം കോട്ടയത്തിനു പോന്നു. വന്ന വഴി നാം തിരുവല്ല ബഥനി അരമനയിൽ കയറി പണി കണ്ടു. മെത്രാച്ചൻ മൂന്നാറ്റിൽ പോയിരിക്കയാണെന്നു അറിഞ്ഞു. സി. സി. ഗീവറുഗീസ് കത്തനാരും അവിടുത്തെ പട്ടക്കാരും ഉണ്ടായിരുന്നു. കട്ടപ്പുറത്തെ ട്രസ്റ്റിയും ചാത്തമല ചാക്കോച്ചന്റെ മകനും മറ്റും നമ്മെ വന്നു കണ്ടു. അരമന കെട്ടിടത്തിന്റെ റിപ്പ്യാറിംഗ് മിക്കവാറും തീർന്നു. കാപ്പി കഴിഞ്ഞു നാം കോട്ടയത്തിനു പോന്നു. 5 മണിയോടു കൂടി നാം അരമനയിലെത്തി വിശ്രമിച്ചു.


തൃശൂർ നിന്നും മർക്കോസ് കത്തനാരും ഇവിടെ വന്നിട്ടുണ്ടായിരുന്നു. അയാൾ നമ്മെ തൃശൂരേക്കു കൊണ്ടുപോകാൻ വന്നതാണ്. നാളെ ഉച്ചകഴിഞ്ഞ് തൃശൂർക്കു പോകാമെന്നു ഉദ്ദേശിക്കുന്നു. അയ്യമ്പള്ളിയിൽ നിന്നും മേക്കര ജോണിന്റെ ജ്യേഷ്ഠനും വേറൊരാളും കൂടെ നമ്മെ വന്നു കാണുകയും നാം അയ്യമ്പള്ളിയിലേക്കും ചെല്ലണമെന്നു അപേക്ഷിക്കയും ചെയ്തു. സൗകര്യം ഉണ്ടെങ്കിൽ ആകാം എന്നു പറഞ്ഞു. വേറെ വിശേഷമൊന്നുമില്ല.

(തുടരും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പുസ്തക ജാലകം





THE FEAST OF THE CROSS

by HH POPE SHENOUDA III (Coptic Orthodox Patriarch)

കോപ്റ്റിക് ഓർത്തഡോക്സ് സഭയുടെ പാത്രിയർക്കീസ് ആയിരുന്ന പോപ്പ് ഷെനൂഡാ മൂന്നാമനാണ് ഈ ഗ്രന്ഥത്തിന്റെ രചയിതാവ്. ആധ്യാത്മികതയുടെ വിവിധ തലങ്ങളെ സ്പർശിക്കുന്ന അനേകം ഗ്രന്ഥങ്ങൾ ആ പിതാവിന്റെ തൂലികയിൽ നിന്നും അക്ഷരക്കൂട്ടുകളായി വിരചിതമായിരിക്കുന്നു. തന്റെ ജീവിത വിശുദ്ധികൊണ്ട് അനേകരെ ക്രിസ്തുവിലേക്ക് സ്വാധീനിക്കാൻ കഴിഞ്ഞു എന്നത് ഈ കാലത്ത് ഒരു വെല്ലുവിളിയായി ആ പിതാവിന്റെ ജീവിതം നമുക്ക് മുമ്പാകെ നിൽക്കുന്നു. രചനകളിൽ ഉടനീളം ആ പിതാവിന്റെ തപോബലത്തെയും ജീവിതവിശുദ്ധിയെയും നമുക്ക് ദർശിക്കാനാകും.

കുരിശിന്റെ പെരുന്നാൾ

ഫാ. അജിത്ത് ജോസഫ് പുതുപ്പറമ്പിൽ
(അങ്കമാലി ഭദ്രാസനം)

ദൈവപുത്രന്റെ വന്ദ്യ സ്ലീബായെ ആധാരമാക്കിയുള്ള ഈ ഗ്രന്ഥത്തിൽ പ്രധാനമായും കുരിശിന്റെ ആത്മീയ പ്രാധാന്യം, ക്രിസ്തുവും കുരിശും തമ്മിലുള്ള ബന്ധം, ക്രിസ്തീയ ജീവിതത്തിൽ കുരിശിന്റെ അനിവാര്യത, വിശ്വാസ ആചാരനുഷ്ഠാനങ്ങളിൽ കുരിശിന്റെ പ്രസക്തി, പ്രായോഗിക ജീവിതത്തിൽ കുരിശ് എങ്ങനെ വഹിക്കാം, കുരിശിന്റെ ആത്മീയ അർത്ഥവിചാരങ്ങൾ എന്നീ വിഷയങ്ങൾ പരിശുദ്ധ പിതാവ് പ്രതിപാദിക്കുന്നു.

I. ക്രിസ്തുവും കുരിശും

തന്റെ ശിഷ്യത്വത്തിലേക്ക് കടന്നു വരുന്നവർ കുരിശു ചുമക്കാൻ സന്നദ്ധരായിരിക്കണമെന്ന് ക്രിസ്തു വ്യവസ്ഥ വയ്ക്കുന്നു. കുരിശുവഹിച്ചുകൊണ്ട് പിന്നാലെ വരാത്തവന് ശിഷ്യനായിരിക്കുവാൻ കഴിയില്ല എന്ന് അവിടുന്ന് കൽപ്പിക്കുന്നു (വി. ലൂക്കോസ് 14:27). ഈ ഭൂമിയിലെ മനുഷ്യാവതാരകാലം മുഴുവൻ താൻ കുരിശുവഹിച്ചും സഹിച്ചും ആണ് ജീവിച്ചത്. കർത്താവിന്റെ ജനനം, ജനനശേഷമുള്ള തിരുകുടുംബത്തിന്റെ പാലായനങ്ങൾ, പരസ്യ ശുശ്രൂഷ കാലയളവ്, ഒടുവിൽ ക്രൂശിലെ മരണത്തോളം, കുരിശിന്റെ വിവിധ ഭാവഭേദങ്ങളിൽ കൂടി താൻ സഞ്ചരിച്ചു. ചുരുക്കത്തിൽ ഈ ലോക ജീവിതത്തിൽ ഉടനീളം അക്ഷരാർത്ഥത്തിൽ കുരിശില്ലാത്ത, എന്നാൽ കുരിശിലൂടെയുള്ള യാത്രയാണ് ക്രിസ്തു നിർവഹിച്ചത്

II. ക്രിസ്തീയ ജീവിതം കുരിശിന്റെ പാതയാണ്

ക്രിസ്തീയ ജീവിതം കുരിശുവഹിച്ച് സ്വർഗ്ഗരാജ്യത്തെ ലക്ഷ്യമാക്കിയുള്ള തീർത്ഥയാത്രയാണ്. ക്രിസ്തീയ ജീവിതം കുരിശിലൂടെയുള്ള യാത്രയാണ്. കുരിശില്ലാത്ത യാത്ര ക്രിസ്തീയമാണെന്ന് പറയുവാൻ കഴിയുകയില്ല. ഇഹലോക ജീവിതത്തിൽ കുരിശു വഹിക്കുവാൻ കഴിയാത്ത ഒരാൾക്ക്, നിത്യതയിൽ – ദൈവരാജ്യത്തിൽ ഓഹരി ഉണ്ടായിരിക്കുകയില്ല എന്ന് ധനവാന്റെയും ലാസറിന്റെയും ഉപമയിൽ കൂടി കർത്താവ് വ്യക്തമാക്കുന്നു(വിശുദ്ധ ലൂക്കോസ് 16:25). എന്താണ് ക്രിസ്തീയ ജീവിതം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്? ക്രിസ്തീയ ജീവിതം ക്രിസ്തുവിന്റെ കഷ്ടപ്പാടുകളോട് ഏകീഭവിക്കുന്ന അനുഭവമാണെന്ന് പരിശുദ്ധ പൗലോസ് ശ്ലീഹ പറയുന്നു.

ഫിലിപ്പിയർ 3:10 'ക്രിസ്തുവിങ്കലുള്ള വിശ്വാസം മൂലം ദൈവം വിശ്വസിക്കുന്നവർക്ക് നൽകുന്ന നീതി തന്നെ ലഭിച്ചു അവനിൽ ഇരിക്കേണ്ടതിന്നും അവന്റെ മരണത്തോട് അനുരൂപപ്പെട്ടിട്ട് അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ചറിയേണ്ടതിനും ഇങ്ങനെ വല്ല വിധേനയും മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനം പ്രാപിക്കണം എന്നു വച്ച് ഞാൻ അവന്റെ നിമിത്തം എല്ലാം ഉപേക്ഷിച്ച് ചവറ് എന്ന് എണ്ണുന്നു'.

ഗലാത്യർ 2:20 'ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്ക് വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രെ ജീവിക്കുന്നത്'. ഇവയിൽ നിന്ന് വ്യക്തമാകുന്നത് ക്രിസ്തുവിനോടൊപ്പം ജീവിക്കണമെങ്കിൽ നിങ്ങൾ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെടണം. നമ്മുടെ ജീവൻ വെടിയേണ്ടി വന്നാലും ക്രിസ്തുവിന്റെ കുരിശിനെ ഒഴിവാക്കിയുള്ള ജീവിതം നമുക്ക് ഉണ്ടാകരുത്.

III. ക്രിസ്തീയ ജീവിതത്തിൽ കുരിശിന്റെ അനിവാര്യത

ആത്മീയതലത്തിലും വിശ്വാസ ആചാരപരമായും ഓരോ വിശ്വാസിയുടെയും ജീവിതത്തിൽ കുരിശിന് വലിയ പ്രാധാന്യമുണ്ട്. അവർ അതിനെ തങ്ങളുടെ ജീവിതത്തോട് ചേർത്തു പിടിക്കുകയും ചെയ്യുന്നു. വിശുദ്ധ സ്ലീബാ ഉപയോഗിച്ച് ദേവാലയങ്ങൾ അലങ്കരിക്കുന്നു, ആരാധനയിൽ ഉപയോഗിക്കുന്നു, ശരീരത്തിൽ ധരിക്കുന്നു, പ്രാർത്ഥനയുടെ ആരംഭവും അവസാനവും സ്ലീബാ വരയ്ക്കുന്നു, ഭക്ഷണം വാഴ്ത്താൻ ഉപയോഗിക്കുന്നു, എല്ലാ കൂദാശകളിലും ആശീർവാദങ്ങളിലും സ്ലീബാ ഉപയോഗിക്കുന്നു, പൗരോഹിത്യ വസ്ത്രങ്ങളിൽ സ്ലീബാ മുദ്രണം ചെയ്തിരിക്കുന്നു, പെരുന്നാൾ പ്രദക്ഷിണങ്ങളിൽ അനുഗ്രഹത്തിനായി സ്ലീബാ വഹിക്കുന്നു, പരിശുദ്ധ സ്ലീബാ ആശീർവാദം മൂലം ദുഷ്ട പൈശാചിക ശക്തികൾ അകന്നു മാറിപ്പോകുന്നു, കുരിശ് രക്ഷയുടെ ഉറവിടവും അതിനെ ബഹുമാനിക്കുന്നവർക്ക് ദൈവരാജ്യത്തിലേക്കുള്ള വഴിയും വാതിലുമായി പരിണമിക്കുന്നുവെന്ന് പരിശുദ്ധ പിതാവ് സാക്ഷികരിക്കുന്നു. പരിശുദ്ധനായ പൗലോസ് ശ്ലീഹ ഇപ്രകാരം വെളിപ്പെടുത്തുന്നു. 1കൊരിന്ത്യർ 1: 18 'ക്രൂശിന്റെ വചനം നശിച്ചു പോകുന്നവർക്ക് ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു.' വിശുദ്ധ സ്ലീബാ ജീവിതത്തിൽ ഒരുവൻ വഹിക്കുന്നതിലൂടെ സ്വയം ശക്തീകരിക്കപ്പെടുകയും അനുഗ്രഹിക്കപ്പെടുകയും ചെയ്യുന്നു.

IV. പ്രായോഗിക ജീവിതത്തിൽ കുരിശ് എങ്ങനെ വഹിക്കാം

A. വിശുദ്ധ സ്ലീബാ സ്നേഹത്തിന്റെയും, ദാനത്തിന്റെയും, ത്യാഗത്തിന്റെയും, മോചനത്തിന്റെയും അടയാളമാണ്

ക്രിസ്തു ഈ ലോകത്തിൽ ജീവിച്ചതും പ്രവർത്തിച്ചതും തനിക്ക് വേണ്ടി ആയിരുന്നില്ല. താൻ ഇടപെട്ട സമൂഹത്തിനും ലോകത്തിനും വേണ്ടിയായിരുന്നു. വിശുദ്ധ സ്ലീബായെ നിങ്ങൾ വഹിക്കുമ്പോൾ മറ്റുള്ളവർക്ക് വേണ്ടി ജീവിച്ച ക്രിസ്തുവിനെ ആ സ്ലീബായിൽ കാണുവാൻ കഴിയണം. അവൻ ചൊരിഞ്ഞ സ്നേഹത്തെ, നാം അവനിൽ നിന്ന് ഏറ്റുവാങ്ങിയ ദാനങ്ങളെ, കുരിശിലെ ജീവത്യാഗത്തിലൂടെ നമ്മെ വീണ്ടെടുത്ത വീണ്ടെടുപ്പിനെ, ഇപ്രകാരം വിശുദ്ധ സ്ലീബായിൽ ക്രിസ്തുവിനെ കാണുവാൻ നമുക്ക് കഴിയണം. അങ്ങനെയെങ്കിൽ കഷ്ടപ്പെടുന്ന-പ്രയാസം അനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങളുടെ ആവശ്യങ്ങളെ നിവർത്തിച്ചു കൊടുക്കുവാൻ അവരെ ചേർത്തുനിർത്തുന്ന ക്രിസ്തുഭാവമുള്ള ക്രിസ്ത്യാനിയായി (ഋാുമവേലശേരമഹ രീീരലൃി) രൂപപ്പെടുവാൻ വിശുദ്ധ സ്ലീബാ നമ്മെ പരിവർത്തനപ്പെടുത്തുന്നു.

B. വിശുദ്ധ സ്ലീബ കഷ്ടപ്പാടിന്റെയും സഹനത്തിന്റെയും അടയാളം

സങ്കീർത്തനങ്ങൾ 22:16, 17 'നായ്ക്കൾ എന്നെ വളഞ്ഞു ദുഷ്ടന്മാരുടെ കൂട്ടം എന്നെ ചുറ്റിയിരിക്കുന്നു. അവർ എന്റെ കൈകളെയും കാലുകളെയും തുളച്ചു. എന്റെ അസ്ഥികളൊക്കെയും എനിക്കു എണ്ണാം അവർ എന്നെ ഉറ്റു നോക്കുന്നു'

എബ്രായർ 12:2 'വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക. തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷം ഓർത്ത് അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കുകയും ദൈവ സിംഹാസനത്തിന്റെ വലതുഭാഗത്ത് ഇരിക്കുകയും ചെയ്തു'

വിശുദ്ധ മത്തായി 5:39 'ഞാനോ നിങ്ങളോടു പറയുന്നത് ദുഷ്ടനോട് എതിർക്കരുത് നിന്നെ വലത്തെ ചെകിടത്ത് അടിക്കുന്നവന് മറ്റേതും തിരിച്ച് കാണിക്ക.'

സഹിഷ്ണുതയോടെ ജീവിക്കുക എന്ന സന്ദേശം വിശുദ്ധ സ്ലീബാ നമുക്ക് നൽകുന്നു നമ്മുടെ ജീവിതത്തിൽ ഏത് പ്രവർത്തി മേഖലയിൽ ആയാലും അത് കുടുംബത്തിലോ ജോലി സ്ഥലങ്ങളിലോ എവിടെയായാലും സന്തോഷത്തോടെ സഹിഷ്ണുതയോടെ വർത്തിക്കുവാൻ കഴിയണം.

C. ശാരീരിക തൃഷ്ണകൾക്ക് കടിഞ്ഞാൺ ഇടുമ്പോൾ വിശുദ്ധ സ്ലീബാ നിങ്ങൾ വഹിക്കുന്നു

മനസ്സിനെയും വികാരങ്ങളെയും കീഴടക്കി നിർത്തുക അഥവാ ഇന്ദ്രിയങ്ങളെ കീഴടക്കി നിർത്തുക എന്ന ചിന്ത ഇവിടെ പ്രബലമാണ്. ശാരീരിക ആസക്തികളെ, കാറ്റിനേക്കാൾ വേഗതയുള്ള മനസ്സിനെ, പുല്ലിനേക്കാൾ വ്യാപകമായ ചിന്തകളെ, നിങ്ങളുടെ നാവിനെ, ശാരീരിക വിശപ്പിനെ സഹിക്കുക, ഭൗതിക മോഹങ്ങളെ നിയന്ത്രിക്കുക, പണത്തോടുള്ള ആഗ്രഹം വെടിയുക എന്നീ ചിന്തകൾ ഇവിടെ പ്രസക്തമാകുന്നു. 'ക്രിസ്തുയേശുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോട് കൂടെ ക്രൂശിച്ചിരിക്കുന്നു'(ഗലാത്യർ 5:24).

D. മറ്റുള്ളവരുടെ പാപങ്ങൾക്ക് വേണ്ടി വിശുദ്ധ സ്ലീബാ വഹിക്കുക

കാൽവരിയിൽ നാട്ടപ്പെട്ടതായ മൂന്നു സ്ലീബാകളിലെ നടുവിലത്തെ സ്ലീബാ നമ്മോട് നൽകുന്ന സന്ദേശമാണ്, നിന്റെ സഹോദരന്റെ പാപങ്ങൾക്ക് വേണ്ടി നീ കുരിശുവഹിക്കുക എന്നത്. നമ്മുടെ കർത്താവും അത് തന്നെയാണ് നമുക്ക് കാട്ടിത്തരുന്നത് അപ്പോസ്തോലനായ പൗലോസ് ഫിലമോനോട് ഒനേസിമോസിനു വേണ്ടി അർത്ഥിക്കുന്ന അപേക്ഷയിലും ഈ വികാരം നമുക്ക് ദർശിക്കാവുന്നതാണ്. (ഫിലമോൻ 18,19)അവൻ നിന്നോട് വല്ലതും അന്യായം ചെയ്തിട്ടോ കടംപെട്ടിട്ടോ ഉണ്ടെങ്കിൽ അത് എന്റെ പേരിൽ കണക്കിട്ടുകൊൾക. പൗലോസ് എന്ന ഞാൻ സ്വന്തകയ്യാൽ എഴുതിയിരിക്കുന്നു. ഞാൻ തന്നു തീർക്കാം. നീ നിന്നെ തന്നെ എനിക്ക് തരുവാൻ കടം പെട്ടിരിക്കുന്നു എന്ന് ഞാൻ പറയേണം എന്നില്ലല്ലോ.

മറ്റുള്ളവരുടെ കഷ്ടപ്പാടുകളിൾ നാം പങ്കാളിയാകുമ്പോൾ, അവരുടെ കുരിശു വഹിക്കാൻ നാം സന്നദ്ധത പ്രകടിപ്പിക്കുമ്പോൾ, നമ്മിൽ ഒരു കുറേനെക്കാരൻ ശീമോൻ ജനിക്കുന്നു.

V. വിശുദ്ധ സ്ലീബായുടെ ആത്മീയ അർത്ഥവിചാരങ്ങൾ

വിശുദ്ധ സ്ലീബാ നാം വരയ്ക്കുമ്പോൾ ആത്മീയവും വേദശാസ്ത്രപരവും ആയ നിരവധി അർത്ഥങ്ങൾ അതിൽ അന്തർലീനമായിരിക്കുന്നു.

1. നമ്മുടെ രക്ഷയ്ക്കായി ജീവൻ നൽകി നമ്മെ നേടിയ ആ ദൈവസ്നേഹത്തിന്റെ പാരമ്യതയെ വിശുദ്ധ സ്ലീബായിൽ നമുക്ക് ദർശിക്കാനാകും.

2. നമ്മുടെ പാപാവസ്ഥയുടെ ഓർമ്മപ്പെടുത്തൽ വിശുദ്ധ സ്ലീബാ നമുക്ക് നൽകുന്നു.

3. ദൈവീക നീതി വിശുദ്ധ സ്ലീബാ നമ്മെ ഓർമ്മപ്പെടുത്തുന്നു.

4. വിശുദ്ധ സ്ലീബാ നാം വരയ്ക്കുന്നതിലൂടെ ക്രൂശിക്കപ്പെട്ടവനായ കർത്താവിനോടുള്ള ശിഷ്യത്വം നാം പ്രഖ്യാപിക്കുന്നു.

5 പരിശുദ്ധ ത്രിത്വനാമത്തിൽ വിശുദ്ധ സ്ലീബാ നാം വരയ്ക്കണം. അതുവഴി ഏകദൈവമായ പരിശുദ്ധ ത്രിത്വത്തിൽ ഉള്ള വിശ്വാസം നാം പ്രഖ്യാപിക്കുന്നു.

6. വിശുദ്ധ സ്ലീബാ നാം വരക്കുന്നതിലൂടെ ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലും വീണ്ടെടുപ്പിലുമുള്ള നമ്മുടെ വിശ്വാസം നാം പ്രഖ്യാപിക്കുന്നു.

7. വിശുദ്ധ സ്ലീബാ 'ക്ഷമ' എന്തെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു.

8 വിശുദ്ധ സ്ലീബാ വരയ്ക്കുന്നതിലൂടെ ഓരോ നിമിഷവും ദൈവവിചാരത്തിൽ ജീവിക്കുക എന്ന മതപരമായ അനുശാസനം തലമുറകൾക്ക് നൽകുന്നു.

9. വിശുദ്ധ സ്ലീബാ നാം വരയ്ക്കുന്നതിലൂടെ അവന്റെ മരണത്തെ നാം പ്രസംഗിക്കുകയും അനുസ്മരിക്കുകയും ചെയ്യുന്നു.

10 വിശുദ്ധ സ്ലീബാ നാം വരയ്ക്കുമ്പോൾ പാപത്തിന്റെ ശിക്ഷ മരണമാണെന്ന് നാം ഓർമിക്കുന്നു.

11 വിശുദ്ധ സ്ലീബാ നാം വരയ്ക്കുന്നതിലൂടെ സൃഷ്ടാവിന് തന്റെ സൃഷ്ടിയോടുള്ള അഗമ്യമായ സ്നേഹം നാം ഓർക്കുന്നു.

12 വിശുദ്ധ സ്ലീബാ നാം വരയ്ക്കുന്നതിലൂടെ സ്വർഗീയമായ ശക്തി നമുക്ക് ലഭിക്കുന്നു.

13 വിശുദ്ധ സ്ലീബാ നാം വരയ്ക്കുന്നതിലൂടെ സാത്താൻ നമ്മളിൽ നിന്ന് അകന്നു പോകുന്നു.

14 വിശുദ്ധ സ്ലീബാ നാം വരയ്ക്കുന്നതിലൂടെ നാം അനുഗ്രഹിക്കപ്പെടുന്നു.

15 ആരാധന കൗദാശിക കർമ്മാദികൾ എല്ലാം പൂർണതയിലേക്ക് നയിക്കപ്പെടണമെങ്കിൽ വിശുദ്ധ സ്ലീബായുടെ സാന്നിധ്യം അനിവാര്യമാണ്.

16. വിശുദ്ധ സ്ലീബാ നാം വരയ്ക്കുന്നതിലൂടെ, വഹിക്കുന്നതിലൂടെ ക്രിസ്തുവിന്റെ കഷ്ടപ്പാടുകളോട് നാം ഏകീഭവിക്കുന്നു.

17 വിശുദ്ധ സ്ലീബാ പിതാവിനോടുള്ള അനുസരണത്തിന്റെയും, വിധേയത്വത്തിന്റെയും, വിനയത്തിന്റെയും പൂർണ്ണതയെ പ്രഖ്യാപിക്കുന്നു.

18. വിശുദ്ധ സ്ലീബാ നിന്ദയും ഇഹലോക പീഡനങ്ങളും സഹിക്കാൻ നമ്മെ ശക്തികരിക്കുന്നു.

19 വിശുദ്ധ സ്ലീബാ വഹിക്കുമ്പോൾ വലത് ഭാഗത്തെ കള്ളനു കിട്ടിയ അനുഗ്രഹം പോലെ സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കുവാനുള്ള താക്കോലായി വിശുദ്ധ സ്ലീബാ പരിണമിക്കുന്നു.

20 വിശുദ്ധ സ്ലീബാ കർത്താവിന്റെ രണ്ടാമത്തെ വരവിനെ ഓർമിപ്പിക്കുന്നു.

കുരിശിന്റെ ആത്മീയ അർത്ഥത്തെക്കുറിച്ചും നമ്മുടെ നിത്യജീവിതത്തിൽ കുരിശിന്റെ പ്രാധാന്യത്തെക്കുറിച്ചും കുരിശ് ജീവിതത്തിൽ ചൊരിയുന്ന അനുഗ്രഹത്തെക്കുറിച്ചും ഒക്കെ ഈ ചെറു ഗ്രന്ഥത്തിൽ പരിശുദ്ധ പിതാവ് സംസാരിക്കുന്നു. ദൈവസ്നേഹത്തെ പ്രതിയും സഹജീവികളോടുള്ള സ്നേഹത്തെ പ്രതിയും ദൈവരാജ്യത്തെ പ്രതിയുമൊക്കെ നാം അനുഭവിക്കുന്ന യാതനകൾ കുരിശിന്റെ ജീവിതത്തിലെ വിവിധ ഭാവങ്ങളാണ് എന്ന ബോധ്യം ഒരു ക്രിസ്ത്യാനിക്ക് എപ്പോഴും ഉണ്ടായിരിക്കണമെന്ന ഓർമ്മപ്പെടുത്തലോടെ ഈ ഗ്രന്ഥം അവസാനിക്കുന്നു.

❑

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

നയമാന്റെ വീട്ടിലെ ദാസിയായ പെൺകുട്ടി



സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)



നിരവധി മഹാന്മാരായ നേതാക്കളുടെയും പ്രവാചകന്മാരുടെയും രാജാക്കന്മാരുടെയും ജീവിതങ്ങൾ ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചിലപ്പോൾ, ഏറ്റവും പ്രചോദനാത്മകമായ പാഠങ്ങൾ ചെറിയവരും അപ്രധാനരുമാണെന്ന് തോന്നുന്ന ആളുകളിൽ നിന്നാണ് വരുന്നത്. ഒരാൾ എത്ര ചെറുതായാലും ദുർബലനായാലും ശ്രദ്ധിക്കപ്പെടാത്തവനായാലും അവനിലൂടെയും ദൈവത്തിന് പ്രവർത്തിക്കാൻ കഴിയുമെന്ന് ബൈബിൾ പലപ്പോഴും നമ്മെ ഓർമ്മിപ്പിക്കുന്നു. 2 രാജാക്കന്മാർ 5 ലെ നയമാനെക്കുറിച്ചുള്ള പരാമർശത്തിൽ പ്രത്യക്ഷപ്പെടുന്ന ദാസിയായ പെൺകുട്ടി അത്തരത്തിലൊരാളാണ്. ഇസ്രായേലിൽ നിന്ന് ബന്ദിയാക്കപ്പെട്ട അവൾ അരാം രാജാവിന്റെ സേനാപതിയായ നയമാന്റെ വീട്ടിൽ അടിമയായി സേവനമനുഷ്ഠിക്കാൻ നിർബന്ധിതയാവുകയും ചെയ്തു. മാനുഷിക വീക്ഷണകോണിൽ നിന്ന്, അവൾക്ക് ശക്തിയോ സ്വാതന്ത്ര്യമോ ശബ്ദമോ ഉണ്ടായിരുന്നില്ല. എന്നിരുന്നാലും, അവളുടെ ചുരുക്കം വാക്കുകൾ നയമാന്റെ കുഷ്ഠരോഗത്തിൽ നിന്ന് രോഗശാന്തിയിലേക്കും ഇസ്രായേലിന്റെ യഥാർത്ഥ ദൈവത്തെ തിരിച്ചറിയുന്നതിനും മുഖാന്തിരമായി ഭവിച്ചു. അവൾ ചെറുപ്പവും പേരില്ലാത്തവളുമായിരുന്നെങ്കിലും അവളുടെ വിശ്വാസം, ധൈര്യം, അനുകമ്പ എന്നിവ സംഭവങ്ങളുടെ ഗതി മാറ്റിമറിച്ചു.

ആ പെൺകുട്ടിയെക്കുറിച്ചുള്ള ആദ്യ സൂചന 2 രാജാക്കന്മാർ 5:2–ൽ കാണാവുന്നതാണ്.

“അരാമ്യർ കവർച്ചപ്പടയായി വന്നിരുന്നപ്പോൾ യിസ്രായേൽ ദേശത്തുനിന്നു ഒരു ചെറിയ പെൺകുട്ടിയെ പിടിച്ചുകൊണ്ടു പോയിരുന്നു. അവൾ നയമാന്റെ ഭാര്യയ്ക്കു ശുശ്രൂഷ ചെയ്തു വന്നു.” ഇത് കാണിക്കുന്നത് അവൾ വളരെ ചെറുപ്പമായിരുന്നുവെന്നും, ഒരു സിറിയൻ ആക്രമണത്തിനിടെ അവളുടെ കുടുംബത്തിൽ നിന്ന് എടുത്തുകൊണ്ടുപോകപ്പെട്ട്, അന്യദേശത്ത് ഒരു ദാസിയായി ജീവിക്കാൻ നിർബന്ധിതയായി എന്നുമാണ്. മാനുഷിക വീക്ഷണകോണിൽ നിന്ന്, അവളുടെ ജീവിതം അന്യായവും വേദനാജനകവുമായിരുന്നു. അവൾക്ക് സ്വാതന്ത്ര്യം നഷ്ടപ്പെട്ട്, ശത്രുക്കളുടെ ഇടയിൽ ജീവിക്കുകയായിരുന്നു. എന്നിരുന്നാലും ഈ ദുഷ്കരമായ സാഹചര്യത്തിൽ പോലും, അവൾ ഇസ്രായേലിന്റെ ദൈവത്തെ മറന്നില്ല. നമ്മൾ എവിടെയായിരുന്നാലും എന്ത് ബുദ്ധിമുട്ടുകൾ നേരിട്ടാലും നമ്മുടെ വിശ്വാസം ശക്തമായി തുടരണമെന്ന് ഈ ദാസിപെൺകുട്ടി നമ്മെ ഉദ്ബോധിപ്പിക്കുന്നു.

1. ദൈവശക്തിയിലുള്ള അവളുടെ വിശ്വാസം

2 രാജാക്കന്മാർ 5:3–ൽ “അവൾ തന്റെ യജമാനത്തിയോടു: യജമാനൻ ശമര്യയിലെ പ്രവാചകന്റെ അടുക്കൽ ഒന്നു ചെന്നെങ്കിൽ അവൻ അവന്റെ കുഷ്ഠരോഗം മാറ്റിക്കൊടുക്കുമായിരുന്നു എന്നു പറഞ്ഞു.”ഈ വാക്കുകൾ അവളുടെ ശക്തമായ വിശ്വാസത്തെ വെളിപ്പെടുത്തുന്നു. ആ സമയത്ത്, കുഷ്ഠരോഗം ഭേദമാക്കാനാവാത്തതായി കണക്കാക്കപ്പെട്ടിരുന്നു, എന്നാൽ ദൈവം തന്റെ പ്രവാചകനായ എലീശായിലൂടെ നയമാനെ സുഖപ്പെടുത്തുമെന്ന് അവൾ സംശയമില്ലാതെ വിശ്വസിച്ചു.

വ്യാജദൈവങ്ങളെ ആരാധിക്കുന്ന ആളുകളാൽ ചുറ്റപ്പെട്ട, വീട്ടിൽ നിന്ന് വളരെ അകലെ താമസിച്ചിരുന്ന ആ ദാസി പെൺകുട്ടി, ഇസ്രായേലിന്റെ ദൈവത്തിന്റെ ശക്തിയെ ഒരിക്കലും സംശയിച്ചില്ല. കുഷ്ഠരോഗം ഭേദമാക്കാനാവില്ലെന്ന് അറിയപ്പെട്ടിരുന്നെങ്കിലും, എലീശാ പ്രവാചകനിലൂടെ നയമാനെ സുഖപ്പെടുത്താൻ കഴിയുമെന്ന് അവൾ പൂർണ്ണഹൃദയത്തോടെ വിശ്വസിച്ചു. പ്രതീക്ഷയില്ലാത്തതായി തോന്നുന്ന സാഹചര്യങ്ങളിൽ ദൈവത്തിൽ ആശ്രയിക്കാൻ ദൈവത്തിലുള്ള അവളുടെ വിശ്വാസം നമ്മെ വെല്ലുവിളിക്കുന്നു.

ബൈബിളിൽ അത്തരം വിശ്വാസത്തിന്റെ ഉദാഹരണങ്ങളുണ്ട്. ഒരു ഇടയബാലനായിരുന്നപ്പോൾ, ദാവീദ് ശക്തനായ ഫെലിസ്ത്യ യോദ്ധാവായ ഗോലിയാത്തിനെ നേരിട്ടു. മറ്റെല്ലാവരും പരാജയപ്പെടുത്താൻ കഴിയാത്തത്ര ശക്തനായി ഗോലിയാത്തിനെ കണ്ടു, പക്ഷേ ദാവീദ് ഉറപ്പോടെ പ്രഖ്യാപിച്ചു, ‘യുദ്ധം യഹോവയുടേതാണ്‘ (1 ശമുവേൽ 17:47). അവന്റെ വിശ്വാസം അവരുടെ ഭയത്തേക്കാൾ വലുതായിരുന്നു, ദൈവം അവന് വിജയം നൽകി. ദാനിയേലിന്റെ ജീവിതത്തിലാകട്ടെ, സിംഹങ്ങളുടെ ഗുഹയിലേക്ക് എറിയപ്പെടുമെന്ന് അറിയാമായിരുന്നിട്ടും, ദാനിയേൽ ദൈവത്തോട് പ്രാർത്ഥിക്കുന്നത് നിർത്താൻ വിസമ്മതിച്ചു. അവന്റെ വിശ്വാസം അചഞ്ചലമായിരുന്നു, ദൈവം അവനെ പരിക്കേൽക്കാതെ വിടുവിച്ചു (ദാനിയേൽ 6:10, 22). ദാവീദിനെയും ദാനിയേലിനെയും വേലക്കാരിയായ പെൺകുട്ടിയെയും പോലെ, യഥാർത്ഥ വിശ്വാസം നമ്മുടെ ശക്തിയെക്കുറിച്ചോ സാഹചര്യങ്ങളെക്കുറിച്ചോ അല്ല, മറിച്ച് അസാധ്യമെന്നു തോന്നുന്ന കാര്യങ്ങൾ ചെയ്യാനുള്ള ദൈവത്തിന്റെ ശക്തിയിൽ ആശ്രയിക്കുന്നതിനെക്കുറിച്ചാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

2. അനുകമ്പയും ദയയും

അവളുടെ മറ്റൊരു പ്രധാന പ്രത്യേകത, അവളുടെ അനുകമ്പയാണ്. അവൾ നയമാനെ പരിപാലിച്ച രീതിയിൽ അത് പ്രകടമാണ്. അവന്റെ രോഗത്തെക്കുറിച്ച് അവൾ കയ്പോടെയും മൗനമായും ഇരിക്കാൻ എല്ലാ കാരണങ്ങളുമുണ്ടായിരുന്നു. നയമാൻ തന്റെ മാതൃരാജ്യത്തെ ആക്രമിച്ച സൈന്യാധിപനായിരുന്നിട്ടും, അയാൾക്ക് ദോഷം വരുത്തണമെന്ന് അവൾ ആഗ്രഹിച്ചില്ല. പകരം, അയാൾ സുഖപ്പെടണമെന്ന് അവൾ ആഗ്രഹിച്ചു. അവനെ ഉപദ്രവിക്കാൻ ആഗ്രഹിക്കുന്നതിനു പകരം, അവനെ സുഖപ്പെടുത്താൻ കഴിയുന്ന പ്രവാചകനെക്കുറിച്ച് അവൾ സംസാരിച്ചു. നയമാന്റെ കഷ്ടപ്പാടുകളോടുള്ള അവളുടെ ഉത്കണ്ഠ ദയയും ക്ഷമയും നിറഞ്ഞ ഒരു ഹൃദയത്തെ കാണിക്കുന്നു. ഇത് അവളുടെ ഹൃദയത്തിലെ കരുണ കാണിക്കുന്നു. അവളുടെ സാഹചര്യത്തിൽ പലരും മൗനം പാലിച്ചിരിക്കാം. അല്ലെങ്കിൽ നയമാന്റെ കഷ്ടപ്പാട് തുടരണമെന്ന് പ്രതീക്ഷിച്ചിരിക്കാം. എന്നാൽ അവൾ ദോഷത്തിനു പകരം ദയയാണ് തിരഞ്ഞെടുത്തത്. അവളുടെ മനോഭാവം യേശുവിന്റെ പഠിപ്പിക്കലിനെ ഓർമ്മിപ്പിക്കുന്നു: “നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.” (മത്തായി 5:44). യേശു ആ വാക്കുകൾ പറയുന്നതിനു വളരെ മുമ്പുതന്നെ ദാസിയായ പെൺകുട്ടി ഇത്തരത്തിലുള്ള സ്നേഹം പ്രകടിപ്പിച്ചു.

യോസേഫിന്റെ ജീവിതത്തിലും അതേ കാരുണ്യത്തിന്റെ ആത്മാവ് നാം കാണുന്നു. അവന്റെ സഹോദരന്മാർ അവനെ അടിമത്തത്തിലേക്ക് വിറ്റെങ്കിലും, പിന്നീട് ഈജിപ്തിൽ അധികാരത്തിലെത്തിയപ്പോൾ അവൻ അവരോട് ക്ഷമിച്ചു. പ്രതികാരം ചെയ്യുന്നതിനുപകരം, അവൻ അവരോട് പറഞ്ഞു, 'നിങ്ങൾ എന്റെ നേരെ ദോഷം വിചാരിച്ചു. ദൈവമോ ഇന്നുള്ളതു പോലെ ബഹുജനത്തിനു ജീവരക്ഷ വരുത്തേണ്ടതിന്നു അതിനെ ഗുണമാക്കിത്തീർത്തു. ആകയാൽ നിങ്ങൾ ഭയപ്പെടേണ്ട. ഞാൻ നിങ്ങളേയും നിങ്ങളുടെ കുഞ്ഞുകുട്ടികളേയും പോറ്റി രക്ഷിക്കും എന്നു പറഞ്ഞു അവരെ ആശ്വസിപ്പിച്ച് ധൈര്യപ്പെടുത്തി' (ഉല്പത്തി 50:20). ക്ഷാമകാലത്ത് അവൻ അവർക്ക് ഭക്ഷണം പോലും നൽകി, അവരുടെ ജീവൻ രക്ഷിച്ചു (ഉല്പത്തി 45:411). 'നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ' (മത്തായി 5:44) എന്ന് കൽപ്പിച്ചപ്പോൾ യേശു തന്നെ ഈ തത്വം പഠിപ്പിച്ചു. നമ്മോട് നന്നായി പെരുമാറുന്നവരോട് മാത്രമല്ല നമ്മെ ആഴത്തിൽ വേദനിപ്പിച്ചവരിലേക്കും യഥാർത്ഥ സ്നേഹം വ്യാപിക്കുന്നു എന്ന് നയമാന്റെ ദാസിയുടെ അനുകമ്പ നമ്മെ ഓർമ്മിപ്പിക്കുന്നു.

3. സംസാരിക്കാനുള്ള അവളുടെ ധൈര്യം

ദാസിയായ പെൺകുട്ടി പ്രായം കുറഞ്ഞവളും അടിമയുമായിരുന്നു. ഒരു അടിമ പെൺകുട്ടി എന്ന നിലയിൽ, അവൾക്ക് വളരെ കുറച്ച് അധികാരമേ ഉണ്ടായിരുന്നുള്ളൂ. ഇത്തരമൊരു പ്രധാനപ്പെട്ട കാര്യത്തെക്കുറിച്ച് സംസാരിക്കുന്നത് അപകടകരമായിരിക്കാമായിരുന്നു. ചിലപ്പോൾ ഇതിന്റെ പേരിൽ അവളെ അവഗണിക്കുകയോ ശിക്ഷിക്കുകയോ ചെയ്തിരിക്കാം. എന്നിരുന്നാലും അവൾ ദൈവത്തിൽ വിശ്വസിച്ചു, എലീശയെക്കുറിച്ച് തന്റെ യജമാനത്തിയോട് പറയാൻ ധൈര്യം കണ്ടെത്തി (2 രാജാക്കന്മാർ 5:3). ആ ഒരു ചെറിയ പ്രവൃത്തി എല്ലാം മാറ്റിമറിച്ചു.ഇസ്രായേലിലെ പ്രവാചകനെക്കുറിച്ച് തന്റെ യജമാനത്തിയോട് സംസാരിക്കാൻ അവൾക്ക് ധൈര്യമുണ്ടായിരുന്നു. വിശ്വാസം പലപ്പോഴും നമ്മളോട് അപകടസാധ്യതകൾ ഏറ്റെടുക്കാൻ ആവശ്യപ്പെടുന്നുവെന്ന് അവളുടെ ധൈര്യം കാണിക്കുന്നു. ലളിതമാണെങ്കിലും അവളുടെ വാക്കുകൾ ഒരു മാറ്റമുണ്ടാക്കുമെന്ന് അവൾ വിശ്വസിച്ചു. ധൈര്യം പ്രകടിപ്പിക്കേണ്ടത്, വലിയ യുദ്ധങ്ങളെക്കുറിച്ച് മാത്രമല്ല സത്യത്തിനുവേണ്ടി നിലകൊള്ളുന്നതിനെക്കുറിച്ചും, നമുക്ക് ചെറുതായി തോന്നുമ്പോൾ പോലും പ്രത്യാശയുടെ വാക്കുകൾ സംസാരിക്കുന്നതിനെക്കുറിച്ചും കൂടിയാണെന്ന് ഇത് നമ്മെ പഠിപ്പിക്കുന്നു.

ധൈര്യശാലികളായ ആളുകളുടെ മറ്റ് നിരവധി ഉദാഹരണങ്ങൾ ബൈബിൾ നമുക്ക് നൽകുന്നു. ഒരു യുവ യഹൂദ സ്ത്രീയായ എസ്ഥേർ, തന്റെ ജനത്തിനു വേണ്ടി വാദിക്കാൻ സെർക്സസ് രാജാവിനെ സമീപിച്ചുകൊണ്ട് തന്റെ ജീവൻ പണയപ്പെടുത്തി. വിളിക്കപ്പെടാതെ രാജാവിന്റെ മുമ്പാകെ പ്രത്യക്ഷപ്പെടുന്നത് മരണത്തെ വിളിച്ചുവരുത്തുമെന്ന് അവൾക്കറിയാമായിരുന്നു, പക്ഷേ അവൾ ധൈര്യത്തോടെ പ്രഖ്യാപിച്ചു, 'നീ ചെന്ന് ശൂശനിലുള്ള എല്ലാ യഹൂദൻമാരേയും ഒന്നിച്ചു കൂട്ടി നിങ്ങൾ മൂന്നു ദിവസം രാവും പകലും തിന്നുകയോ കുടിക്കുകയോ ചെയ്യാതെ എനിക്കു വേണ്ടി ഉപവസിപ്പിൻ. ഞാനും എന്റെ ബാല്യക്കാരത്തികളും അങ്ങനെ തന്നെ ഉപവസിക്കും. പിന്നെ ഞാൻ നിയമപ്രകാരമല്ലെങ്കിലും രാജാവിന്റെ അടുക്കൽ ചെല്ലും. ഞാൻ നശിക്കുന്നു എങ്കിൽ നശിക്കട്ടെ.' (എസ്ഥേർ 4:16). ആഹാബ് രാജാവും ബാലിന്റെ പ്രവാചകന്മാരും അവന്റെ ജീവൻ തേടിയെങ്കിലും, ഏലിയയും അവരുടെ മുമ്പാകെ ധൈര്യത്തോടെ നിന്നു (1 രാജാക്കന്മാർ 18:17–40). ഭയത്തിന്റെ അഭാവമല്ല, മറിച്ച് ഭയമുണ്ടായിട്ടും ശരിയായി പ്രവർത്തിക്കാനുള്ള തീരുമാനമാണ് ധൈര്യം എന്ന് ഇവരുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. ദാസിയായ പെൺകുട്ടിയെപ്പോലെ, സത്യം സംസാരിക്കാനും അതുവഴി ദൈവത്തിൽ വിശ്വസിക്കാനും നാമും വിളിക്കപ്പെട്ടിരിക്കുന്നു.

4. അവളുടെ സ്വാധീനവും അവളുടെ വാക്കുകളുടെ ഫലവും

അവളുടെ ചെറിയ പ്രസ്താവന വലിയ കാര്യങ്ങൾക്ക് തുടക്കമിട്ടു. നയമാൻ തന്റെ ഭാര്യയെ ശ്രദ്ധിച്ചു കേട്ടു, അവൾ പെൺകുട്ടിയുടെ വാക്കുകൾ വിശ്വസിച്ചു. തുടർന്ന് നയമാൻ അരാം രാജാവിന്റെ അടുത്തേക്കും, ഒടുവിൽ പ്രവാചകനായ എലീശായുടെ അടുത്തേക്കും പോയി. യോർദ്ദാൻ നദിയിൽ കുളിക്കാനുള്ള എലീശയുടെ നിർദ്ദേശങ്ങൾ അനുസരിച്ചതിനുശേഷം, നയമാൻ സുഖം പ്രാപിച്ചു. ഏറ്റവും പ്രധാനമായി, "ഇസ്രായേലിൽ അല്ലാതെ ഭൂമിയിൽ എങ്ങും ഒരു ദൈവം ഇല്ല എന്ന് ഞാൻ ഇപ്പോൾ അറിയുന്നു." (2 രാജാക്കന്മാർ 5:15). എന്ന് അവൻ സമ്മതിച്ചു. ഇത് ആ ദാസിയുടെ അവിശ്വസനീയമായ സ്വാധീനം കാണിക്കുന്നു. അവളുടെ വിശ്വാസവും ധൈര്യവും നിമിത്തം, നയമാന് രോഗശാന്തി ലഭിച്ചു എന്നു മാത്രമല്ല, സത്യദൈവത്തെ അറിയാനും കഴിഞ്ഞു. അവളുടെ ചെറിയ സംസാരം ഒരു ശക്തനായ മനുഷ്യനിലേക്ക് ശാരീരികവും ആത്മീയവുമായ പരിവർത്തനം കൊണ്ടുവന്നു.

ദാസിയായ പെൺകുട്ടിയുടെ കഥയിൽ നിന്നുള്ള ഏറ്റവും ശക്തമായ പാഠം, അവളുടെ സ്ഥാനം താഴ്ന്നതായിരുന്നിട്ടും അവൾക്ക് എത്രമാത്രം സ്വാധീനമുണ്ടായിരുന്നു എന്നതാണ്. അവളുടെ ലളിതമായ വാക്കുകൾ നയമാനെ എലീശായുടെ അടുക്കലേക്ക് നയിച്ചു, അവന്റെ രോഗശാന്തിയിലൂടെ നയമാൻ ഇസ്രായേലിന്റെ ദൈവത്തിൽ വിശ്വസിക്കാൻ തുടങ്ങി (2 രാജാക്കന്മാർ 5:14–15). അവൾക്ക് സമ്പത്തോ ശക്തിയോ അധികാരമോ ഇല്ലായിരുന്നു – എന്നിട്ടും അവളുടെ വിശ്വാസവും സംസാരിക്കാനുള്ള അവളുടെ സന്നദ്ധതയും അവളെ ശക്തമായ രീതിയിൽ ഉപയോഗിക്കാൻ ദൈവത്തിന് പര്യാപ്തമായിരുന്നു.

സമാനമായ നിരവധി ഉദാഹരണങ്ങൾ തിരുവെഴുത്ത് നമുക്ക് കാണിച്ചു തരുന്നു. ദൈവം ശമുവേലിനെ ആലയത്തിലേക്ക് വിളിച്ചപ്പോൾ ശമുവേൽ ഒരു ആൺകുട്ടിയായിരുന്നു, പക്ഷേ അവൻ ഇസ്രായേലിലെ ഏറ്റവും വലിയ പ്രവാചകന്മാരിൽ ഒരാളായി മാറി (1 ശമുവേൽ 3:1–10). ഒരു കൊച്ചുകുട്ടി തന്റെ അഞ്ച് അപ്പവും രണ്ട് മീനും യേശുവിന് സമർപ്പിച്ചു, ആ ചെറിയ സമ്മാനം ആയിരക്കണക്കിന് ആളുകളെ പോഷിപ്പിക്കുന്ന ഭക്ഷണമായി മാറി (യോഹന്നാൻ 6:911). ഓരോ സാഹചര്യത്തിലും, ദൈവം ചെറിയ ഒന്നിനെ എടുത്ത് അതിനെ വലുതാക്കി. ആരും അത്ര ചെറുപ്പമോ ദുർബലമോ ദൈവത്താൽ ഉപയോഗിക്കപ്പെടാൻ കഴിയാത്തത്ര നിസ്സാരനോ അല്ലെന്ന് ഈ ദാസിയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. വിശ്വാസത്തിന്റെയോ ദയയുടെയോ ഏറ്റവും ചെറിയ പ്രവൃത്തി പോലും ജീവിതത്തെ മാറ്റിമറിക്കും എന്ന ശക്തമായ ഓർമ്മപ്പെടുത്തലാണ്.

നയമാന്റെ വീട്ടിലെ ആ ദാസി പെൺകുട്ടിക്ക് ബൈബിളിൽ ഒരു പേര് ഉണ്ടായിരുന്നില്ലായിരിക്കാം, പക്ഷേ അവളുടെ സ്വഭാവം അവിസ്മരണീയമാണ്. അവൾ ഒരു അന്യ രാജ്യത്ത് തടവുകാരിയായിരുന്നു, എന്നിട്ടും അവൾ ദൈവത്തോട് വിശ്വസ്തയായി തുടർന്നു. അവൾ തന്റെ യജമാനനോട് അനുകമ്പയും, സംസാരിക്കാനുള്ള ധൈര്യവും, ദൈവത്തിന്റെ ശക്തിയിലുള്ള അചഞ്ചലമായ വിശ്വാസവും കാണിച്ചു. അവളുടെ വാക്കുകൾ കാരണം, നയമാൻ സുഖം പ്രാപിക്കുകയും ഇസ്രായേലിന്റെ ദൈവത്തെ അറിയുകയും ചെയ്തു. പ്രായമോ പദവിയോ സാഹചര്യമോ പരിഗണിക്കാതെ ആരെയും മഹത്തായ കാര്യങ്ങൾ ചെയ്യാൻ ദൈവത്തിന് ഉപയോഗിക്കാമെന്ന് അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. അവളെപ്പോലെ, വിശ്വാസത്തോടും, ദയയോടും, ധൈര്യത്തോടും, ദൈവത്തിന്റെ സത്യം പങ്കിടാനുള്ള സന്നദ്ധതയോടും കൂടി ജീവിക്കാൻ നമ്മളും വിളിക്കപ്പെട്ടിരിക്കുന്നു.

ദാവീദിനെയും ദാനിയേലിനെയും പോലെ വിശ്വാസമുണ്ടായിരിക്കാനും, യോസേഫിനെയും യേശുവിനെയും പോലെ അനുകമ്പ കാണിക്കാനും, എസ്ഥേറിനെയും ഏലിയയെയും പോലെ ധൈര്യത്തോടെ പ്രവർത്തിക്കാനും, ശമുവേലിനെയും അപ്പവും മീനും കൈവശം വച്ചിരുന്ന ആൺകുട്ടിയെയും പോലെ നമ്മുടെ സ്വാധീനം ദൈവത്തിന് വലിയ ഉദ്ദേശ്യങ്ങൾക്കായി ഉപയോഗിക്കാൻ കഴിയുമെന്ന് വിശ്വസിക്കാനും ഈ പെൺകുട്ടിയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. ഒരു അടിമ പെൺകുട്ടിയുടെ ഏതാനും വാക്കുകളിൽ ആരംഭിച്ചത്, ഒരു വിദേശ സൈന്യാധിപന് ദൈവത്തിന്റെ മഹത്വം വെളിപ്പെടുത്തിയ ഒരു അദ്ഭുതത്തിൽ അവസാനിച്ചു (2 രാജാക്കന്മാർ 5:15).

ദൈവത്തിന്റെ ശക്തിയിലുള്ള വിശ്വാസം, മറ്റുള്ളവരോടുള്ള ദയ, സത്യം സംസാരിക്കാനുള്ള ധൈര്യം, നമ്മുടെ ചെറിയ പ്രവൃത്തിയിലൂടെ പോലും ദൈവത്തിന് നമ്മെ ഉപയോഗിക്കാൻ കഴിയുമെന്ന ആത്മവിശ്വാസം എന്നിവയോടെ ജീവിക്കാൻ അവളുടെ മാതൃക നമ്മെ പ്രചോദിപ്പിക്കുന്നു. ദുർബലരെയും ചെറുപ്പക്കാരെയും പലപ്പോഴും അവഗണിക്കുന്ന ഒരു ലോകത്ത്, ദൈവത്തിന് തന്നിൽ വിശ്വസിക്കുന്ന ഏതൊരാളിലൂടെയും പ്രവർത്തിക്കാൻ കഴിയുമെന്നതിന്റെ തെളിവായി അവളുടെ ജീവിതം തെളിവായി നമുക്ക് മുന്നിൽ നിൽക്കുന്നു. ദൈവത്തിന്റെ വലിയ പദ്ധതികൾക്ക് മുന്നിൽ ആരും ചെറുതല്ല എന്നതിന്റെ സാക്ഷ്യമാണ് ഈ ദാസിപെൺകുട്ടിയുടെ ജീവിതം.

❑

വചനതീർത്ഥം

വാങ്ങിപ്പിനുശേഷം അഞ്ചാം ഞായർ

(വി. ലൂക്കോസ് 11:33-41)



ഫാ. മോൻസി ഫിലിപ്പ്

ക്രിസ്തുവിന്റെ പഠിപ്പിക്കലുകളുടെ പ്രധാന ലക്ഷ്യം മനുഷ്യന്റെ 'Enlightment' ആണ്. ആത്മീയ ബോധോദയം അഥവാ ദൈവീക പ്രകാശം. ഇത് ആത്മീയതയുടെ മറ്റൊരു ഘട്ടമാണ്. "ഞാൻ ലോകത്തിന്റെ വെളിച്ചം" (വി.യോഹ. 8:12) എന്ന് പഠിപ്പിച്ച ക്രിസ്തുവാണ് നമ്മുടെ വെളിച്ചം. പ്രകാശത്തിന്റെ മക്കളായ നാം ജീവിതത്തിൽ എങ്ങനെ പ്രകാശിക്കണം എന്ന് ഓർമ്മിപ്പിക്കുന്ന വേദഭാഗമാണ് ഇന്നത്തെ ഏവൻഗേലിയോൻ (വി. ലൂക്കോസ് 11:33 -41). രണ്ട് പ്രധാന കാര്യങ്ങളാണ് വേദഭാഗത്തിൽ ശ്രദ്ധേയം വിളക്കിന്റെയും കണ്ണിന്റെയും ഉപമ, പരീശൻമാരോടുള്ള വിമർശനം. ഈ വേദഭാഗം നമ്മോട് ചോദിക്കുന്ന മൂന്ന് ചോദ്യങ്ങൾ പ്രധാനമാണ്.

1. നിന്റെ വിളക്ക് തെളിഞ്ഞിരിക്കുന്നുവോ?
2. നിന്റെ കണ്ണ് ശരിയായിരിക്കുന്നുവോ?
3. നിന്റെ ഹൃദയം ശുദ്ധമാണോ?

വേദഭാഗ ചിന്തകൾ

(1) വിളക്കിന്റെയും കണ്ണിന്റെയും ഉപമ

വി. ലൂക്കോസ് 11:33-36

വിളക്കു കത്തിച്ച് ആരും നിലവറയിലോ പറയുടെ കീഴിലോ വയ്ക്കാറില്ല. അകത്തുവരുന്നവർക്ക് വെളിച്ചം കാണേണ്ടതിന് അത് തണ്ടിൻമേൽ അത്രേ വയ്ക്കുന്നത്. നിലവറ മരണത്തിന്റെ പ്രതീകം. പറ താല്ക്കാലികമായി സൃഷ്ടിക്കുന്ന ഇരുട്ടിന്റെ പ്രതീകം. സ്വയമായി പ്രകാശിക്കുന്നവർക്ക് മാത്രമേ പ്രകാശിത ജീവിതം നയിക്കുവാനും മറ്റുള്ളവരെ പ്രകാശിപ്പിക്കാനും, പ്രകാശത്തിലേയ്ക്ക് നയിക്കാനും കഴിയുകയുള്ളൂ. തണ്ടിൻമേൽ തെളിയുന്ന പ്രകാശം അവനവന്റെ ജീവിതത്തിന്റെ സാക്ഷ്യമാണ്.

ദൈവത്തിന്റെ പാതയിലൂടെ നടക്കുന്നവൻ വെളിച്ചത്തിന്റെ വക്താവാണ്, അവന്റെ ഊർജ്ജം ദൈവമാണ്. ദൈവം ഒരു "Powerstation" ആണ്. ഉറവിടം അവിടെയാണ് എല്ലാറ്റിന്റെയും. അവനിൽ ആണ് നമ്മുടെ ആശ്രയമെങ്കിൽ ഭയം വേണ്ട.

ദൈവം വെളിച്ചം ആകുന്നു: അവനിൽ ഇരുട്ടു ഒട്ടും ഇല്ല. 1 യോഹ. 1:5

ദൈവത്തിന്റെ സ്വഭാവം. പരിശുദ്ധിയുടെയും സത്യത്തിന്റെയും പ്രകാശമാണ്. അതിലേയ്ക്കാണ് നമുക്കുള്ള ക്ഷണനം.

Christ is the son of righteousness; we are only the moon reflecting His light. St. Augustine.

ക്രിസ്തു ഇവിടെ പഠിപ്പിക്കുന്ന 'വിളക്ക് വിശ്വാസിയുടെ ജീവിതത്തിലെ "വെളിച്ചത്തെ" കുറിച്ചാണ്. വെളിച്ചമില്ലാതെ മനുഷ്യജീവിതം ഇരുട്ടിലാകും. വഴിമുട്ടും, ഇടറിപ്പോകും. ആത്മീയ ജീവിതത്തിലും വിളക്കിന്റെ പ്രതീകം വളരെ പ്രധാനപ്പെട്ടതാണ്. ഇരുട്ടിൽ നടക്കുന്ന യാത്രക്കാരന് കൈയിൽ വിളക്ക് ഉണ്ടെങ്കിൽ വഴിയറിയാം. ദൈവവചനം നമ്മേ വഴികാട്ടുന്ന വിളക്കാണ്. വേദപഠനം ഇല്ലാത്ത ജീവിതം ഇരുട്ടിലാണ്. "വിളക്കി"ന്റെ ചില ആത്മീയ ചിന്തകൾ.

1. വിളക്ക് – ഇരുട്ടിൽ വഴികാട്ടുന്ന വെളിച്ചം

"നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതയ്ക്ക് പ്രകാശവും ആകുന്നു." സങ്കീ. 119:105

മനുഷ്യജീവിതം ഇരുട്ടിലും ആശയകുഴപ്പത്തിനും കടന്നുപോകുമ്പോൾ ദൈവം വചനം വെളിച്ചമാകുന്നു.

2. വിളക്ക് – ക്രിസ്ത്യാനിയുടെ സാക്ഷ്യം

"നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു. മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല. വിളക്കു കത്തിച്ചു പറയിൻകീഴല്ല തണ്ടിൻമേലത്രേ വെക്കുന്നത്. അപ്പോൾ അതു വീട്ടിലുള്ളവർക്ക് എല്ലാവർക്കും പ്രകാശിക്കുന്നു. അങ്ങനെ തന്നേ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ." വി. മത്തായി 5:14-16

വിളക്ക് തെളിയുമ്പോൾ ചുറ്റുമുള്ളവർക്ക് വെളിച്ചം കിട്ടും. വിശ്വാസി ജീവിതം മറ്റുള്ളവർക്കു സാക്ഷ്യവും മാതൃകയും ആയിരിക്കണം.

"വിശ്വാസിയുടെ ജീവിതം ഒരു വിളക്കാണ്. വാക്കുകൾ കൊണ്ട് മാത്രമല്ല, പ്രവൃത്തികൾ കൊണ്ട് പ്രകാശിക്കണം." സെന്റ് ജോൺ ക്രിസോസ്റ്റം.

3. വിളക്കും എണ്ണും – ആത്മീയ നിറവ്

വി. മത്തായി 25:1-13 പത്തു കന്യകമാരുടെ ഉപമ.

വിളക്കുണ്ട്. പക്ഷേ എണ്ണ ഇല്ലെങ്കിൽ വെളിച്ചം തെളിയില്ല.

എണ്ണ – പരിശുദ്ധാത്മാവിന്റെ കൃപയാണ്.

"വിളക്കിലെ തീ സ്നേഹമാണ്; എണ്ണ ഇല്ലെങ്കിൽ സ്നേഹം അണയും" സെന്റ് അഗസ്റ്റിൻ

4. വിളക്ക് – ദൈവസാന്നിധ്യത്തിന്റെ അടയാളം

പുറപ്പാട് 27:20-21

തിരുനിവാസത്തിൽ വിളക്കുകൾ എപ്പോഴും തെളിഞ്ഞിരിക്കണം. ദൈവസാന്നിധ്യം വിളിച്ചോതുന്നു. ദേവാലയത്തിൽ വിളക്കുകൾ തെളിയിക്കുന്നത് ദൈവസാന്നിധ്യത്തിന്റെ അടയാളമാണ്.

"വെളിച്ചം മറയ്ക്കേണ്ടതല്ല. ലോകത്തിനു മുന്നിൽ തെളിയേണ്ടതാണ്."

കണ്ണ് ശരീരത്തിന്റെ വിളക്കാണ്; നിന്റെ കണ്ണ് തെളിഞ്ഞാൽ മുഴുവൻ ശരീരം പ്രകാശിക്കും; മോശമായാൽ മുഴുവൻ ശരീരം ഇരുളിൽ ആയിത്തീരും.

"കണ്ണ്" മനുഷ്യന്റെ അന്തർ ജീവിതത്തിന്റെ ജനാലയാണ്.

"കണ്ണ്" എന്നു പറഞ്ഞത് മനസ്സിന്റെ ഉദ്ദേശമാണ്. ഉദ്ദേശം ശുദ്ധമായാൽ മനുഷ്യൻ മുഴുവനും ശുദ്ധനാകും."

സെന്റ് അഗസ്റ്റിൻ

"നിന്റെ ഉദ്ദേശം ദൈവത്തിലേക്കു തിരിഞ്ഞാൽ, ജീവിതം മുഴുവനും പ്രകാശമാകും" – സെന്റ് ജോൺ ക്രിസോസ്റ്റം

ശരിയായ കണ്ണ് – ശരിയായ ദിശ

തെറ്റായ കണ്ണ് – ഇരുളിലേക്കുള്ള വഴി

ഒരു വിശ്വാസിയുടെ കണ്ണ് ആത്മീയ വിവേചനശക്തിയുള്ളതാകണം.

"കള്ള ക്രിസ്തുക്കളും കള്ള പ്രവാചകൻമാരും എഴുന്നേറ്റു കഴിയുമെങ്കിൽ മൃതന്മാരെയും തെറ്റിപ്പാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും." (വി. മത്തായി 24:24).

"ശരിയായ വിവേചനം ഇല്ലെങ്കിൽ സത്യം പോലും തെറ്റായ രീതിയിൽ ജീവിക്കും." – സെന്റ് ഗ്രിഗറി ദി ഗ്രേറ്റ്.

"കണ്ണ് ശരീരത്തിന്റെ വിളക്കാ"യാണ് പറയുന്നത്. കാഴ്ച/ഉൾക്കാഴ്ച എല്ലാം പ്രകാശത്താൽ സംഭവിക്കുന്നു.

"കണ്ണ്" ആത്മീയ ചിന്തയിൽ

1. കണ്ണ് – ശരീരത്തിന്റെയും ആത്മാവിന്റെയും വിളക്ക്

മത്തായി 6:22

"കണ്ണ് ശരീരത്തിന്റെ വിളക്കാകുന്നു." ഇവിടെ "കണ്ണ്" ജീവിതത്തെ കാണുന്ന നമ്മുടെ മനോഭാവമാണ്.

"കണ്ണിന്റെ ദിശ ഹൃദയത്തിന്റെ ദിശയാണ്."

2. കണ്ണ് – പ്രലോഭനത്തിന്റെ വാതിൽ

യോഹന്നാൻ 2:16

ലോകത്തിന്റെ മോഹങ്ങൾ പാപമാണ്. ശരീരത്തിന്റെ മോഹവും, കണ്ണിന്റെ മോഹം ഇതൊന്നും ദൈവത്തിൽ നിന്നല്ല. കണ്ണ് വഴിയാണ് പാപം കടന്നു വരുന്നത്.

ഹവ്വ – അവൾ കണ്ണിനു മോഹകരമായതു കണ്ടു (ഉല്പത്തി 3:6)

ദാവീദ് ബത്ശേബയെ കണ്ടപ്പോൾ പാപത്തിൽ വീണു. (2 ശമു. 11:2)

3. കണ്ണ് – ദൈവീക ദർശനത്തിന്റെ ശേഷം അനന്യാവ്

പ്രാർത്ഥിച്ചപ്പോൾ കണ്ണിൽ നിന്ന് ചെതുമ്പൽ പോലെ വീണു. അവൻ വീണ്ടും കാഴ്ച പ്രാപിച്ചു.

"പാപത്തിന്റെ അന്ധതമാറി ക്രിസ്തുവിന്റെ പ്രകാശം കാണുന്ന ദൃഷ്ടി കിട്ടി."

1. കണ്ണ് വഴിയുള്ള പ്രലോഭനങ്ങളിൽ നിന്നും സൂക്ഷിക്കുക.
2. കണ്ണിലൂടെ ദൈവത്തിന്റെ സൃഷ്ടിയുടെ സൗന്ദര്യം കാണുക.
3. കണ്ണിലൂടെ ക്രിസ്തുവിന്റെ സ്നേഹം കാണുക.
4. കണ്ണിലൂടെ സഹോദരന്റെ കഷ്ടം കാണുക.

അങ്ങനെ നമ്മുടെ കണ്ണ് തെളിഞ്ഞാൽ നമ്മുടെ ഹൃദയം ദൈവത്തിന്റെ പ്രകാശത്തിൽ തെളിയും.

"കണ്ണ് ശരീരത്തിന്റെ വാതിൽ, വാതിൽ മലിനമെങ്കിൽ, ഉള്ളിൽ ഇരുട്ടാകും, അതിനാൽ കണ്ണിനെ പരിശുദ്ധമാക്കുക" – സെന്റ് ജോൺ ക്രിസോസ്റ്റം

പരീശന്മാരുടെ ഭക്തി – ക്രിസ്തുവിന്റെ തിരുത്തൽ

വി. ലൂക്കോസ് 11:37–41

ഒരു പരീശൻ തന്നോടുകൂടെ ഭക്ഷണം കഴിപ്പാൻ യേശുവിനെ ക്ഷണിച്ചു. അവൻ അകത്തു കടന്നു ഭക്ഷണത്തിനിരുന്നു. ഭക്ഷണത്തിനു മുമ്പ് കുളിച്ചില്ല എന്നു കണ്ടിട്ടു പരീശൻ ആശ്ചര്യപ്പെട്ടു. അവനെ പരിഹസിച്ചു. യേശുതമ്പുരാൻ "പരീശന്മാരായ നിങ്ങൾ കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കുന്നു. നിങ്ങളുടെ ഉള്ളിലോ കവർച്ചയും ദുഷ്ടതയും നിറഞ്ഞിരിക്കുന്നു." മൂഢൻമാരേ , പുറം ഉണ്ടാക്കിയവൻ അല്ലയോ അകവും ഉണ്ടാക്കിയതു. അകത്തുള്ളതു ഭിക്ഷയായി കൊടുപ്പിൻ. എന്നാൽ സകലവും നിങ്ങൾക്കു ശുദ്ധമാകും എന്നു പറഞ്ഞു.

പരീശൻമാർ പുറത്തു കാണുന്ന ആചാരങ്ങളിൽ പിടിച്ചു നിന്നു ഹൃദയശുദ്ധി അവഗണിച്ചു. യഥാർത്ഥ ശുദ്ധി പുറത്തല്ല ഹൃദയത്തിനുള്ളിലാണ്. കരുണയും ദാനവും ഹൃദയത്തെ ശുദ്ധമാക്കും. നമ്മുടെ ആത്മീയ ജീവിതം പുറമേ കാണിക്കുന്ന ചടങ്ങുകൾ കൊണ്ട് മാത്രം മതിയാകില്ല, കാരുണ്യ പ്രവൃത്തികളാണ് ആത്മാവിന്റെ വെളിച്ചം തെളിയിക്കുന്നത്.

"ദൈവം പുറത്തേക്കല്ല, ഉള്ളിലേക്കാണ് നോക്കുന്നത്. അവൻ കാണുന്നതു നമ്മുടെ ഹൃദയത്തിലെ സ്നേഹവും വിശ്വാസവുമാണ്, പുറത്തുള്ള ശുചിത്വമല്ല" – St. Curil of Alexandria

"പുറമേ മാത്രം നീതിയുള്ളവനായി തോന്നുമ്പോൾ ഉള്ളിൽ ശുദ്ധിയില്ലെങ്കിൽ ദൈവത്തിന് അത് വെറുപ്പാണ്." – St. Basil the Great

എന്താണ് ഭക്തി?

"ഭക്തി" സംസ്കൃത പദമാണ്. അർത്ഥം ആത്മാർത്ഥമായ സമർപ്പണം, സ്നേഹം, വിശ്വാസം, ആരാധന എന്നിവയാണ്. "ഭജ" എന്ന സംസ്കൃത ധാതുവിൽ നിന്നാണ് "ഭക്തി" എന്ന പദം വന്നത്. "ഭജ" എന്നതിന്റെ അർത്ഥം സേവിക്കുക, ആരാധിക്കുക, പങ്കിടുക, പ്രേമിക്കുക എന്നിവയാണ്.

ഭക്തി എന്നാൽ ദൈവത്തെ സ്നേഹത്തോടെ ആരാധിച്ചു അവനോട് ബന്ധപ്പെട്ടു ജീവിക്കുന്ന ജീവിതരീതിയാണ്.

ക്രിസ്തീയ മതത്തിൽ "ഭക്തി" എന്നാൽ ദൈവത്തോടുള്ള ആത്മാർത്ഥമായ സ്നേഹവും വിശ്വാസവും ആണ്.

"മാൻ നീർത്തോടുകളിലേക്കു ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ, ദൈവമേ, എന്റെ ആത്മാവ് നിന്നോടു ചേരുവാൻ കാംക്ഷിക്കുന്നു." സങ്കീ. 42:1

1. ഭക്തി നമ്മേ ദൈവത്തോട് അടുപ്പിക്കുന്നു.
2. ഭക്തി നമ്മുടെ ഹൃദയം ശുദ്ധീകരിക്കുന്നു.
3. ഭക്തി നമ്മെ സ്വാർത്ഥതയിൽ നിന്ന് മോചിപ്പിക്കുന്നു.
4. ഭക്തി ജീവിതത്തെ ദൈവത്തിന്റെ സാന്നിധ്യമാക്കി മാറ്റുന്നു.

ഇതാണ് ക്രിസ്തു വിഭാവനം ചെയ്യുന്നത്. പരീശന്മാരെപോലെ കപടതയിൽ ജീവിക്കുവാനല്ല. അവർ ആചരിക്കുന്നു എന്നു പറയുമ്പോഴും പ്രവൃത്തിയിൽ ഇല്ലാത്ത ഭക്തി ദൈവം വെറുക്കുന്നു.

ക്രിസ്തു ഇവിടെ ഓർമ്മിപ്പിക്കുന്നു പുറം ഉണ്ടാക്കിയവൻ അല്ലയോ അകവും ഉണ്ടാക്കിയത്.

Body - Icon of the visible Holiness

Heart - Icon of the invisible Holiness

അകത്തുള്ളതു ഭിക്ഷയായി കൊടുപ്പിൻ; എന്നാൽ സകലവും നിങ്ങൾക്കു ശുദ്ധം ആകും എന്നു പറഞ്ഞു."

കഴിവുള്ളത് നൽകണം, ദരിദ്രർക്കു കൊടുക്കുക. അപ്പോൾ ശുദ്ധമായിരിക്കും. പുറമേ ... purity അല്ല, ഉള്ളിലെ കരുണയാണ് യഥാർത്ഥ purity.

"ദരിദ്രരുടെ കൈകളാണ് സ്വർഗ്ഗത്തിലെ ഭണ്ഡാരം" – St. John Chrysostom.

"Cleaning hands cannot cleanse the heart; but opening hands to the poor can."

"പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ: അനാഥരെയും വിധവന്മാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാത്തവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു" (യാക്കോബ് 1:27).

Worship without mercy-ritual without light.

പ്രധാന സന്ദേശങ്ങൾ

1. വിശ്വാസം മറയ്ക്കരുത് – വിളക്കുപോലെ വെളിച്ചം പകരണം (വി. മത്തായി 5:16)
2. ഹൃദയത്തിന്റെ കണ്ണ് ശുദ്ധമാക്കുക – ഉദ്ദേശം ദൈവത്തിലേക്കാകണം.
3. പുറമേ മാത്രം ഉള്ള ഭക്തിയല്ല, ഉള്ളിലെ ശുദ്ധിയാണ് ദൈവം നോക്കുക.
4. കരുണയാണ് യഥാർത്ഥ ശുദ്ധി.
5. വി. കുർബ്ബാന ജീവിതം – ഹൃദയം ശുദ്ധമാക്കി കരുണയിൽ ജീവിക്കാൻ ഒരുക്കുന്നു.

"വി. കുർബ്ബാനവേളയിലുള്ള ആശീർവാദങ്ങളിൽ ആദ്യ മൂന്നു വാഴ്വുകളും കാർമ്മികൻ ഇടതുകൈപ്പത്തി രഹസ്യങ്ങൾക്കുകീഴെ വിരിക്കൂട്ടിൽ തബലൈത്തായുടെ പടിഞ്ഞാറേ വശത്ത് മദ്ധ്യത്തിൽ വച്ചുകൊണ്ട് പൂർണ്ണമായും പടിഞ്ഞാറോട്ട് തിരിക്കുകയും ഒപ്പം രഹസ്യങ്ങൾ വിശ്വാസികൾക്ക് ഗോചരമാകുന്ന വിധത്തിൽ ത്രോണോസ്സിന്റെ വടക്കുവശത്തേക്ക് മാറിനിൽക്കുകയും ചെയ്തുകൊണ്ട് നിർവ്വഹിക്കണം. നിന്റെ ശരീരത്തിന്റെ മേനിയോ അംശവസ്ത്രത്തിന്റെയോ ആടയാഭരണങ്ങളുടെയോ ഭംഗി കാണുവാനോ, കാണിക്കുവാനോ അല്ല ശ്രമിക്കേണ്ടത്."

– ഡാറയിലെ യോഹന്നാൻ

Church Calendar

Fifth Sunday After the Holy Cross

Keep Awake: Living in Watchfulness and Hope”
(St. Mark 13:30–37)



Fr Aaron Joshua John

The Gospel passage today is taken from the eschatological discourse of our Lord in Mark 13. Jesus speaks of the coming of the Son of Man and exhorts His disciples to live in constant readiness. The imagery of the fig tree budding, the unknown hour, and the call to “keep awake” emphasize not curiosity about the end of time, but faithful discipleship in the present. The Lord directs us not to calculate dates, but to cultivate vigilance, humility, and faith. As St. John Chrysostom reminds us, “To wait for Christ is not to look at the calendar, but to prepare one’s soul.”

1. Watchfulness as a Way of Life

Jesus calls His disciples to be watchful, like servants awaiting the master’s return. The call “keep awake” is not simply about avoiding sleep, but about living in alertness to God’s presence in every moment. In the Old Testament, the prophets often warned Israel not to fall into spiritual slumber. Isaiah cries, “Awake, awake, put on strength, O Zion” (Isaiah 52:1). This awakening is a return to holiness and covenantal faithfulness. Similarly, Paul writes to the Romans: “It is now the moment for you to wake from sleep. For salvation is nearer to us now than when we became believers” (Romans 13:11). Watchfulness, then, is the daily discipline of resisting complacency. In our Orthodox tradition, this has been embodied in the practice of nepsis, spiritual sobriety and attentiveness of the heart. The Fathers remind us that watchfulness protects the soul from sin and keeps us rooted in Christ.

2. Hope in the Promise of His Coming

The call to be awake is not one of fear but of hope. Jesus assures us that “Heaven and earth will pass away, but my words will not pass away.” The permanence of His Word is our anchor amidst uncertainty. Just as Noah prepared the ark not knowing the exact day of the flood, so are we called to prepare our lives for Christ’s return. The parable of the wise and foolish virgins (Matthew 25:1–13) echoes this same teaching: readiness is not achieved in haste, but through a lifelong posture of faithfulness. St. Ephrem the Syrian beautifully writes, “The Bridegroom delays not because He is careless, but because He longs for more to enter the wedding feast.” Thus, our watchfulness is not driven by anxiety but by joyful expectation of the Bridegroom’s return. In the Divine Liturgy, every time we proclaim, “We look for the resurrection of the dead, and the life of the world to come,” we are reorienting our hearts to this blessed hope.

Dearly beloved, the Lord’s command to “keep awake” is both a warning and a promise. It warns us against the sleep of sin, negligence, and worldliness. It promises us that those who remain steadfast will share in the joy of the coming Kingdom. As we await His return, let us live each day as a people awake, faithful in prayer, steadfast in love, and hopeful in expectation. May we not be found slumbering when the Master returns, but ready, like wise servants, to enter into His eternal joy. Amen. ❑

നോമ്പ്

“ക്രിസ്തീയ സമൂഹത്തിൻറെ സംരക്ഷണത്തിനും ആത്മീയ വളർച്ചക്കും വേണ്ടി, അനുതാപത്തിൻറെയും പ്രാർത്ഥനയുടെയും സമയമായി, സഭ മുഴുവൻ ഒരുമിച്ചു ദൈവ മുമ്പാകെ വരുവാനുള്ള സമയമാണ് നോമ്പ്.

നോമ്പ് ദിവസങ്ങളിൽ മൽസ്യ-മാംസ വർജ്ജനം മാത്രമല്ല ഭക്ഷണവും പാനീയവും കൂടാതെ സന്ധ്യവരെയോ, സാധ്യമല്ലെങ്കിൽ 3 മണിവരെയോ ഉപവസിക്കുക എന്നുള്ളതാണ് സഭ അനുശാസിക്കുന്നത്. അത് ജോലിക്കാരായ അൽമായാർക്ക് പലപ്പോഴും പ്രയാസമാണെന്നുള്ളത് നിസ്തർക്കം തന്നെ.

സഭയുടെ പാരമ്പര്യമനുസ്സരിച്ച് ഏറ്റവും പഴയ നോമ്പുകൾ ബുധനാഴ്ചയും വെള്ളിയാഴ്ചയും ഉള്ളതാണ്. അത് കഴിഞ്ഞാൽ പഴക്കം കൂടുതൽ ഉള്ളത് വലിയ നോമ്പിനാണ്. അപ്പോസ്തോലിക കാനോന 69 ഇങ്ങനെ പറയുന്നു:

‘ഏതെങ്കിലും ഒരു എപ്പിസ്കോപ്പയോ, കശീശായോ, ശെമ്മാശ്ശനോ, കോറൂരായോ, മെസ്മെറോനോയോ ഉയിർത്തെഴുന്നേൽപ്പിന്റെ പരിശുദ്ധ 40 ദിവസത്തെ നോമ്പോ, ആഴ്ചവട്ടത്തിലെ നാലാം ദിവസമോ (ബുധനാഴ്ച) ഒരുക്ക ദിവസമോ (വെള്ളിയാഴ്ച) നോമ്പായി അനുഷ്ഠിക്കാതിരുന്നാൽ, ഏതെങ്കിലും ശരീര രോക മൂലമല്ലെങ്കിൽ, അയാളെ സ്ഥാനത്തു നിന്നും നീക്കണം. അല്മായക്കാരനാണെങ്കിൽ മുടക്കണം.”

- ഡോ പൗലോസ് മാർ ഗ്രീഗോറിയോസ്

(എഡിറ്റോറിയൽ, പുരോഹിതൻ ത്രൈമാസിക, മെയ്-ജൂലായ്, 1988)

സ്ലീബാദാസ സമൂഹം: ശതാബ്ദി സമാപനം 14-നു പരുമലയിൽ

തിരുവല്ല: മലങ്കര ഓർത്തഡോക്സ് സഭയുടെ മിഷൻ പ്രസ്ഥാനമായ സ്ലീബാദാസ സമൂഹത്തിന്റെ ശതാബ്ദി സമാപന സമ്മേളനവും കുടുംബ സംഗമവും 14-നു പരുമല സെമിനാരിയിൽ നടക്കും. 8-നു കുർബാനയ്ക്ക് ഗീവർഗീസ് മാർ കൂറിലോസ് കാർമികത്വം വഹിക്കും. 10-നു പതാക ഉയർത്തൽ. തുടർന്ന് റജിസ്ട്രേഷൻ. 10.30-നു കുടുംബ സംഗമത്തിന് തിരുവനന്തപുരം സ്റ്റുഡന്റ്സ് സെന്റർ ഡയറക്ടർ ഫാ. സജി മേക്കാട് നേതൃത്വം നൽകും.

11-നു പൊതുസമ്മേളനത്തിൽ സ്ലീബാദാസ സമൂഹം അധ്യക്ഷൻ ഗീവർഗീസ് മാർ കുറിലോസ് അധ്യക്ഷത വഹിക്കും. കുര്യാക്കോസ് മാർ ക്ലിമ്മീസ് വലിയ മെത്രാപ്പൊലീത്ത ഉദ്ഘാടനം ചെയ്യും. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അനുഗ്രഹ സന്ദേശം നൽകും. ശതാബ്ദി ഭവന നിർമാണ പദ്ധതി അവതരണം സിഇഒ ഫാ. തോമസ് മ്യാലിൽ നിർവഹിക്കും.

കേരള ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസലർ ഡോ. സിസാ തോമസ് മുഖ്യ പ്രഭാഷണം നടത്തും. ജസ്റ്റിസ് ജെ. ബഞ്ചമിൻ കോശി സമാപന സന്ദേശം നൽകും. സ്ലീബാദാസ സമൂഹം ജനറൽ സെക്രട്ടറി ഫാ. ഡോ. സോമു കെ. സാമുവൽ റിപ്പോർട്ട് അവതരിപ്പിക്കും. ജീവകാരുണ്യ സഹായവും സ്കോളർഷിപ്പും വിതരണം ചെയ്യും. 1924 സെപ്റ്റംബർ 14-നു പത്രോസ് മാർ ഒസ്താത്തിയോസാണ് സ്ലീബാദാസ സമൂഹത്തിന് തുടക്കം കുറിച്ചത്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

മദപ്പാട്...

ഫാ. അജീഷ് ബാബു



ജനക്കൂട്ടത്തോടൊപ്പം അയാളും നടന്നു. അതിനിടയിൽ മതത്തിന്റെ 'മദപ്പാട്' ഉള്ള മനുഷ്യരാണെന്ന് തനിക്ക് ചുറ്റും യാത്ര ചെയ്യുന്നത് എന്ന് അയാൾ മനസ്സിലാക്കി കഴിഞ്ഞു. തന്റെ ഗുരുവിനെ ക്രൂരമായി കൊല്ലുവാൻ ഉള്ള മതത്തിന്റെ വർഗീയത കലർന്ന വാക്കുകൾ ഒന്നിനുപുറകെ ഒന്നായി അവർ ഉച്ചരിച്ചു കൊണ്ടേയിരിക്കുന്നു.

ഒരു രാജ്യം മറ്റൊരു രാജ്യത്തെ ആക്രമിക്കുവാൻ വേണ്ടി സൈന്യം അലറി വിളിക്കുന്ന ആവേശം പോലെയാണ് അവരുടെ വാക്കുകൾ അന്തരീക്ഷത്തിൽ മുഴങ്ങി കേൾക്കുന്നത്. അതിനിടയിൽ മൗനത കൈവെടിയാതെ യോഹന്നാനും അയാളും നടന്നുനീങ്ങുന്നത് ആ ജനക്കൂട്ടത്തിനിടയിൽ മാറിമാറിയാണ്, കാരണം അവർ രണ്ടുപേരും ചേർന്ന് നിന്നാൽ അവർക്ക് വേഗം തിരിച്ചറിയാൻ കഴിയും. യോഹന്നാൻ അതിനിടയിൽ തന്റെ ഗുരുനാഥൻ ഏൽക്കുന്ന പരുക്കുകളിൽ വിതുമ്പുന്നുണ്ട്. എന്നിട്ടും അയാൾ വികാര രഹിതനായിട്ടാണ് നടക്കുന്നത്, ഇടയ്ക്കിടയ്ക്ക് യോഹന്നാനെ ഒന്ന് നോക്കും. യോഹന്നാൻ കരഞ്ഞു ചുവന്ന കണ്ണുകളുമായി അയാളെ നോക്കും.

ഇതിനിടയിൽ രണ്ടു മനുഷ്യർ വന്ന് അയാളോട് മാത്രം ചോദിച്ചു 'നീ ഞങ്ങൾ പിടിച്ചിരിക്കുന്ന ഇയാൾക്കൊപ്പം സഞ്ചരിച്ച ആളല്ലേ?, നിന്റെ ഗുരുവല്ലേ ഇയാൾ.'

മറുപടി യോഹന്നാനെ നോക്കാതെ അയാൾ പറഞ്ഞു, ഞാൻ ഇയാളെ അറിയില്ല. ഈ ശബ്ദം യോഹന്നാൻ കേട്ടിട്ട്, യോഹന്നാന്റെ ഹൃദയം പിടഞ്ഞു. അവർ രണ്ടുപേരും ഒരുമിച്ച് നടന്നിട്ട് ഒരിക്കൽപോലും പരസ്പരം ഒന്നും സംസാരിച്ചതായി വേദം പറയുന്നില്ല. അതിനു കാരണം അയാൾ പറഞ്ഞ വാക്കുകൾ യോഹന്നാനെ അത്രമാത്രം മുറിപ്പെടുത്തി.

മൂന്നാമതും:

'ശിമോൻ പത്രൊസ് തീ കാഞ്ഞുനില്ക്കുമ്പോൾ: നീയും അവന്റെ ശിഷ്യന്മാരിൽ ഒരുത്തനല്ലയോ എന്ന് ചിലർ അവനോട് ചോദിച്ചു: അല്ല എന്ന് അവൻ മറുത്തു പറഞ്ഞു. മഹാപുരോഹിതന്റെ ദാസന്മാരിൽവച്ച് ശിമോൻ പത്രൊസ് കാതറുത്തവന്റെ ചാർച്ചക്കാരനായ ഒരുത്തൻ ഞാൻ നിന്നെ അവനോടുകൂടെ തോട്ടത്തിൽ കണ്ടില്ലയോ എന്ന് പറഞ്ഞു. ശിമോൻപത്രൊസ് പിന്നെയും മറുത്തു പറഞ്ഞു; ഉടനെ കോഴി കൂകി.'

മൂന്നാമത് 'ചിലർ' അയാളോട് ചോദിച്ചു. ചോദിച്ച ചിലർ, ഇത് ഒരു സംഘം ആളുകളാണ്. ഒരു കാര്യം ഓർക്കണം, എത്ര തിരക്കുള്ള ഇടങ്ങളിൽ ഒരുപക്ഷേ ആരും നമ്മെ തിരിച്ചറിയുവാൻ സാധ്യതയില്ല എന്ന് സ്വയം വിചാരിച്ചു നിൽക്കുമ്പോൾ ചില മനുഷ്യർ നമ്മെ കണ്ടെത്തും. ശരീരഭാഷ ജൈവികമാണ് അത് ഉപേക്ഷിച്ച് ജീവിക്കാൻ മനുഷ്യന് കഴിയില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. പത്രോസിനെക്കുറിച്ച് ധാരണയുള്ളവരാണ് അവർ കാരണം മൂന്നര വർഷത്തെ ക്രിസ്തുസംഘത്തിന്റെ പ്രവർത്തനങ്ങളിൽ ഒരിക്കൽപോലും ചോര പൊടിഞ്ഞിട്ടില്ല. എന്നാൽ അവസാനം ക്രിസ്തുവിനെ പിടിക്കാനായി വരുമ്പോൾ പത്രോസാണ് ആദ്യമായി ചോര വീഴ്ത്തിയത്. വാൾ കയ്യിൽ കരുതിയിരുന്നയാൾ ഗുരുവിനൊപ്പം മൂന്നര വർഷം സഞ്ചരിച്ചപ്പോഴും ഇത് എവിടെ സൂക്ഷിച്ചിരുന്നു, അയാൾക്കൊപ്പം തന്നെ. ക്രൂശിന്റെ മഹത്വത്തെക്കുറിച്ച് ഗുരു വാതോരാതെ സംസാരിച്ചുകൊണ്ടിട്ടും എന്തിനാ അയാൾ വാളെടുത്തത്. കാരണം 'മദപ്പാട്' തന്നെ.

അയാളുടെ മദപ്പാടാണ് ചോര വീഴ്ത്തിയത്...

മതപ്പാടുള്ള ഈ മനുഷ്യനെ തിരിച്ചറിയാൻ അവർക്ക് കഴിഞ്ഞത് അതുകൊണ്ടാണ്.

മഹാപുരോഹിതന്റെ ദാസന്മാരിൽവച്ച് ശിമോൻ പത്രൊസ് കാതറുത്തവന്റെ ചാർച്ചക്കാരനായ മനുഷ്യൻ പറഞ്ഞു 'അത് നീ തന്നെയാണ്'.

തോട്ടത്തിൽ നീ അറുത്തു മാറ്റിയ കാത്, ഭൂമിയിൽ ചോരത്തുള്ളികൾ അത് എന്റെ ചർച്ചക്കാരന്റെതാണ് അയാൾ ഉറക്കെ പറഞ്ഞു.

മദപ്പാടുകൊണ്ട് ഭൂമിയിൽ വീഴ്ത്തുന്ന ഓരോ ചോരത്തുള്ളികളും കാണുന്ന ഒരു ചുറ്റുപാടുണ്ടെന്ന് ഓർക്കുന്നത് നല്ലതാണ്.

പത്രോസ് നിന്റെ മദപ്പാടിനെ നീ എത്രമാത്രം മറുത്തു പറയേണ്ടിവരുന്നു...

മൂന്നുപ്രാവശ്യം അവന്റെ മദപ്പാടിനെ മറുത്തു...

ഈ മറുത്തു പറയുന്നത് ഒരു ഭാഗത്ത് ഗുരുനിന്ദയാണ് എന്നാൽ നിന്റെ മദപ്പാടിന്റെ മറുത്തു പറയൽ ക്രൂശിനെ സ്വീകരിക്കാൻ സ്വയം ഒരുങ്ങുന്ന ഒരു ശിഷ്യന്റെ ആത്മസമർപ്പണമാണ്.

ശിഷ്യത്വത്തിന്റെ പൂർണ്ണതയിലേക്ക് മദപ്പാട് മാറിയ അയാൾ ഗുരുവിനോട് മൂന്നുപ്രാവശ്യം പറഞ്ഞു, ഞാൻ അങ്ങയെ സ്നേഹിക്കുന്നു... മദപ്പാടുകളുടെ പ്രതികാരത്തിൽനിന്നും പ്രണയത്തിന്റെ സംഭാഷണത്തിലേക്ക് അയാൾ വഴുതി മാറുന്നു. അവിടെ ഒരു പുതിയ ശിഷ്യൻ രൂപപ്പെട്ടു,മദപ്പാടുകളില്ലാത്ത ശിഷ്യൻ.

പ്രണയവും, പ്രതികാരവും...

നിഷ്കളങ്കയായ ഭാര്യയെ വധിക്കുന്നതിന് മുമ്പ് ഒഥല്ലോ തന്റെ ഭാര്യയെ ചുംബിക്കുന്നു. ഉറങ്ങിക്കിടന്ന തന്റെ ഭാര്യ ഡിമോണായെ കടിച്ചു മുറിച്ച് ചുംബനം നൽകി അയാൾ,ഒഥല്ലോ. എന്നിട്ട് പറഞ്ഞു സ്വയം പ്രാർത്ഥന ചൊല്ലി നീ മരണത്തിന് ഒരുങ്ങുക. അവളുടെ വാക്കുകൾ ഒന്നും അയാൾ കേൾക്കുന്നില്ല. അവസാനം അവൾ അയാൾക്ക് നേരെ തന്നെ കൊല്ലുന്നതിനു വേണ്ടി തൂവാല വച്ചു നീട്ടുന്നു. അവളെ അയാൾ ആ കിടക്കയിൽ വച്ച് ശ്വാസംമുട്ടിച്ചു കൊല്ലുന്നു.

പ്രതികാരത്തിന്റെ ഭാഷകൾ വംശീയവും ജാതിയും മതപരവും ദേശീയവും ഒക്കെയായി മാറുന്ന കാലത്ത് അവളുടെ പ്രണയവും അവന്റെ പ്രതികാരവും ചർച്ചകൾക്ക് വിധേയമാകേണ്ടതാണ്.

കറുത്തവനെ സ്വന്തമാക്കിയ വെളുത്തവൾ എടുത്ത വിപ്ലവാത്മകമായ നിലപാട്. ആ നിലപാടിനെ തല്ലിക്കെടുത്തുന്ന കറുത്തവൻ. ഒഥല്ലോ എല്ലാ കാലത്തും പോരാട്ടത്തിന്റെ കൃതിയാണ്.

കഥകൾ ഒളിപ്പിച്ചു വച്ചിരിക്കുന്ന രഹസ്യങ്ങൾ ഓരോ കാലത്തും വളരെ വ്യത്യസ്തങ്ങളായാണ് വെളിപ്പെട്ടു വരുന്നത്. പ്രണയത്തിന്റെ അക്ഷരങ്ങൾ എല്ലാ കാലത്തും സാഹിത്യമായും കഥയായും കവിതയായും പിറന്നു വീഴും. കുറേ മുന്നോട്ടു പോകുമ്പോൾ

പ്രണയത്തിന്റെ ഭാഷയ്ക്ക് മാനസികനില തെറ്റും. Shakespeare കഥകളി പ്രണയ ഭാഷകൾ പല രീതിയിൽ ആണെങ്കിലും ഒഥല്ലോ ഒരുകാലത്തും മറക്കാൻ കഴിയാത്ത അതി വൈകാരികമായ പ്രണയഭാഷയാണ്.

❑



സമ്പത്ത് ദൈവത്തിന്റെ ദാനമാണെന്ന ചിന്തയുണ്ടാകണം: മാർ തേയോഫിലോസ്

ഷാർജ: സമൂഹത്തിലെ ദുരിതമനുഭവിക്കുന്നവരുടെ കണ്ണീരൊപ്പാൻ കഴിഞ്ഞില്ലെങ്കിൽ നമ്മുടെ ജീവിതം അർത്ഥശൂന്യമാണെന്ന് ഓർത്തഡോക്സ് സഭ അഹമ്മദാബാദ് ഭദ്രാസന ഇടയൻ ഡോ. ഗീവർഗീസ് മാർ തേയോഫിലോസ് മെത്രാപ്പോലീത്ത. സമ്പത്ത് ദൈവത്തിന്റെ ദാനമാണെന്ന ചിന്തയുണ്ടാകണം. പാവപ്പെട്ടവരെ സഹായിക്കുവാനും അവർക്ക് കൈത്താങ്ങാകുവാനും നമ്മുടെ ജീവിതംകൊണ്ട് സാധിക്കണം. ദൈവീകമായ പ്രകാശം നമ്മുടെ ഉള്ളിൽ ഉണ്ടെങ്കിലേ അതിനു സാധിക്കുകയുള്ളൂവെന്നും അദ്ദേഹം പറഞ്ഞു. മറ്റുള്ളവരെ നാം സഹായിക്കുമ്പോൾ നമുക്ക് ആത്മീയമായ ഊർജ്ജം ലഭിക്കും. ഷാർജയിലെ ഓർത്തഡോക്സ് വിശ്വാസികളുടെ കൂട്ടായ്മയായ 'സ്രോതസ്സിന്റെ'വജ്ര ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യൻ അസോസിയേഷൻ ഹാളിൽ നടന്ന ചടങ്ങിൽ സ്രോതസ്സ് പ്രസിഡന്റ് ഡേവിഡ് വർഗീസ് അധ്യക്ഷത വഹിച്ചു.

വജ്ര ജൂബിലി ലോഗോ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഓൺലൈനായി പ്രകാശനം ചെയ്തു. ഷാർജ ഇന്ത്യൻ അസോസിയേഷൻ ജനറൽ സെക്രട്ടറി പ്രകാശ് മുഖ്യ സന്ദേശം നൽകി. സ്രോതസ്സ് ജനറൽ സെക്രട്ടറി സുനിൽ മാത്യു, ട്രഷറർ മനോജ് മാത്യു, ജനറൽ കൺവീനർ ഫീലിപ്പോസ് പുതുക്കുളങ്ങര, സഭാ മാനേജിംഗ് കമ്മിറ്റി അംഗം ജോൺ മത്തായി, ഇന്ത്യൻ അസോസിയേഷൻ വൈസ് പ്രസിഡൻറ് പ്രദീപ് നന്മാറ, ട്രഷറർ ഷാജി ജോൺ, ജോ. ട്രഷറർ റെജി പി കെ, വർഗീസ് ജോർജ്, സാമുവൽ മാത്തുണ്ണി, പി.എം ജോസ്, മോഹൻ ജോർജ് എന്നിവർ പ്രസംഗിച്ചു.

ഹൗസിംഗ് പ്രോജക്ടുകൾ, വിദ്യാഭ്യാസ സഹായം, വൈദ്യസഹായം, സമൂഹ വിവാഹം ഉൾപ്പെടെ നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ സ്രോതസ്സ് നടത്തിയിട്ടുണ്ട്. ഒരു വർഷം നീണ്ടുനിൽക്കുന്ന സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 25 ജീവകാരുണ്യ പദ്ധതികൾ നടപ്പിലാക്കും.



പി. പി. മുകുന്ദൻ പുരസ്കാരം എം. എസ്. സുനിലിന്

കോഴിക്കോട്: പി. പി. മുകുന്ദൻ സേവാപുരസ്ക്കാരത്തിന് (25,000 രൂപ) സാമൂഹികപ്രവർത്തക എം. എസ്. സുനിൽ അർഹയായി. അശരണരായ ഒട്ടേറെപ്പേർക്ക് വീടുവെച്ചു നൽകിയ സുനിൽ ദേശീയ നാരീശക്തി പുരസ്ക്കാര ജേതാവുമാണ്. പി. പി. മുകുന്ദന്റെ രണ്ടാം ചരമവാർഷികദിനമായ 13-ന് ശനിയാഴ്ച രാവിലെ 10-ന് കെ. പി. കേശവമേനോൻ ഹാളിൽ നടക്കുന്ന അനുസ്മരണ സമ്മേളനത്തിൽ കേന്ദ്രമന്ത്രി ജോർജ് കുര്യൻ പുരസ്കാരം നൽകും.



വിദ്യാഭ്യാസ മേഖലയിലെ സംഭാവന: ഫാദർ ഷാജി മാത്യൂസിന് പുരസ്കാരം

ന്യൂഡൽഹി: ദേശീയ അധ്യാപക ദിനത്തോടനുബന്ധിച്ച് ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മന്റ് ഏർപ്പെടുത്തിയ, വിദ്യാഭ്യാസ മേഖലയിലെ സമഗ്ര സംഭാവനയ്ക്കുള്ള പുരസ്കാരത്തിന് ഓർത്തഡോക്സ് സഭയുടെ ഡൽഹി ഭദ്രാസനത്തിലെ സീനിയർ വൈദികനായ ഫാദർ ഷാജി മാത്യൂസ് അർഹനായി. വിദ്യാഭ്യാസ മേഖലയിൽ 36 വർഷത്തിലേറെയായി നൽകിക്കൊണ്ടിരിക്കുന്ന സമഗ്ര സംഭാവനകൾ പരിഗണിച്ചാണ് അദ്ദേഹത്തെ പുരസ്കാരത്തിനായി തിരഞ്ഞെടുത്തത്.

സെന്റ് തോമസ് സ്കൂൾ, ഫരീദാബാദ്; സെന്റ് മേരീസ് സ്കൂൾ, ചണ്ഡിഗഢ്; സെന്റ് ഗ്രിഗോറിയോസ് സ്കൂൾ, ജനക്പുരി; സെന്റ് ജോൺസ് സ്കൂൾ, മയൂർ വിഹാർ, ഗ്രേറ്റർ നോയിഡ; സെന്റ് തോമസ് സ്കൂൾ, സാഹിബാബാദ്, ഇന്ദിരാപുരം, ലോണി എന്നിവ കൂടാതെ നിലവിൽ ചെയർമാൻ സ്ഥാനം വഹിക്കുന്ന സെന്റ് പോൾസ് സ്കൂൾ, ഹൗസ്ഖാസ്, അയാ നഗർ, ശാന്തിഗ്രാം വിദ്യാനികേതൻ സ്കൂൾ, മണ്ഡാവർ എന്നിവയുടെയും നേതൃത്വം അദ്ദേഹത്തിനാണ്.



കമ്യൂണിറ്റി ഹെൽത്ത് നഴ്സിങ്ങിൽ ഇൻഡോർ മാൻവാഞ്ചൽ സർവ കലാശാലയിൽ നിന്നു ശ്രുതി എം. റോയ് പിഎച്ച്.ഡി. നേടി. നിരണം ഇടവകയുടെ എം.ജി.എം. വളഞ്ഞവട്ടം പ്രാർത്ഥനാമുറിയിൽ തെറ്റിക്കാട്ട് കിഴക്കേതിൽ റിജോ ചെറിയാന്റെ ഭാര്യയാണ്. തിരുവല്ല ബിലീവേഴ്സ് നഴ്സിങ് കോളജിലെ അസിസ്റ്റന്റ് പ്രഫസറാണ്.

തിരുവനന്തപുരം: സംസ്ഥാന ഐ.സി.എസ്.ഇ കായിക മേളയിൽ ഡിസ്കസ് ത്രോയിൽ ആൽബിൻ ജൂബി ഫിലിപ്പ് സ്വർണ മെഡൽ കരസ്ഥമാക്കി. 30.20 മീറ്റർ എറിഞ്ഞാണ് പ്ലസ്ടു വിദ്യാർത്ഥിയായ ആൽബിൻ ഒന്നാം സ്ഥാനവും സ്വർണ മെഡലും സ്വന്തമാക്കിയത്. കുറിച്ചി കല്ലുപുരയ്ക്കൽ ജൂബി അലക്സിന്റെയും ലിന്റാ ജൂബിയുടെയും മകനാണ്. കളത്തിപ്പടി പള്ളിക്കൂടം സ്കൂളിലെ വിദ്യാർത്ഥിയാണ് ആൽബിൻ. കുറിച്ചി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗം.

